കേരള ഗവർണ്ണർ

# ശ്രീ. നിഖിൽ കുമാർ

2014 ജനുവരി 3-ാം തീയതി

# കേരള നിയമസഭയിൽ ചെയ്ത പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമസഭാംഗങ്ങളെ,

1. പതിമൂന്നാം കേരള നിയമസഭയുടെ പത്താമത്തെയും 2014-ലെ ആദ്യത്തേതുമായ സമ്മേളനത്തിലേക്ക് ഞാൻ നിങ്ങൾ ഏവരേയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

2. എന്റെ സർക്കാർ, കഴിഞ്ഞ മുപ്പത് മാസക്കാലത്തെ അതിന്റെ നേട്ടങ്ങളിൽ അഭിമാനം കൊള്ളുന്നു. എന്റെ സർക്കാർ അധികാരത്തിലേറിയപ്പോൾ കേരളത്തിലെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ സ്തുത്യർഹമായി നിറവേറ്റിവരുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിനുവേണ്ടി എന്റെ സർക്കാർ അക്ഷീണ പരിശ്രമം നടത്തിയിട്ടുണ്ട്. വ്യാവസായികം, കാർഷികം, ആരോഗ്യം, വിദ്യാഭ്യാസം, അടിസ്ഥാനസൗകര്യം, വിവരസാങ്കേതിക വിദ്യ എന്നിങ്ങനെയുള്ള ഏതു മേഖലയിലെയും മന്ദീഭവിച്ചുപോയ പ്രധാന പദ്ധതികളിൽ മിക്കവയെയും പുനരുദ്ധരിക്കുകയും ദ്രുതഗതിയിലാക്കുകയും ചെയ്തിട്ടുണ്ട്.

3. അതോടൊപ്പം, സർക്കാർ പാവപ്പെട്ടവരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടുമുള്ള അതിന്റെ പ്രതിബദ്ധതയ്ക്ക് മുമ്പെങ്ങും നൽകിയിട്ടില്ലാത്ത വിധത്തിലുള്ള പ്രാധാന്യം നൽകിയിട്ടുണ്ട്. സർക്കാർ, അതിന്റെ കീഴിലുള്ള വകുപ്പുകളിലൂടെ നടത്തുന്ന ക്ഷേമ പദ്ധതികൾക്കായുള്ള വകയിരുത്തൽ ഈ സർക്കാരിന്റെ കഴിഞ്ഞ 30 മാസക്കാലയളവിൽ മൂന്നിരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കൊപ്പം സാമൂഹ്യനീതി വകുപ്പും ആരോഗ്യ വകുപ്പും മറ്റു വകുപ്പുകളും നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികൾ ഇന്ന് സാധാരണക്കാരന് സാമൂഹിക പ്രതിരോധത്തിന് ആശ്രയമായി വർത്തിക്കുന്നതും ആയത് കേരളത്തിന്റെ മാത്രം സവിശേഷതയുമാണ്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നിധി സമാഹരിക്കുന്നതിൽ അതുല്യ മാതൃകയായ 'കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം' വ്യാപകമായ പ്രശംസ നേടിക്കഴിഞ്ഞിട്ടുള്ളതും 250 കോടി രൂപ വിതരണം ചെയ്തതുവഴി 25000 രോഗികൾക്ക് ആശ്വാസമേകാൻ സാധിച്ചിട്ടുള്ളതുമാണ്. 'ജനസമ്പർക്ക പരിപാടി' (മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടി) ഐക്യരാഷ്ട്ര സഭയുടെ പ്രശംസയ്ക്ക് പാത്രമായിട്ടുണ്ട്. ഈ പരിപാടി ധനസഹായവിതരണം എന്നതിലുപരിയായ ലക്ഷ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളതും ഇതിന് ഭരണപരമായ പല തടസ്സങ്ങൾ ഫലപ്രദമായി പരിഹരിക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും സാധിച്ചിട്ടുള്ളതുമാണ്.

4. എന്റെ സർക്കാരിന് നമ്മുടെ സംസ്ഥാനത്തെക്കുറിച്ച് നീതിയുടെയും സമത്വത്തിന്റെയും അടിസ്ഥാന തത്വങ്ങളെ ആസ്പദമാക്കിക്കൊണ്ടുള്ള ഒരു മഹത്തായ കാഴ്ചപ്പാടുണ്ട്.

ഇത് നിറവേറ്റുന്നതിനായി എന്റെ സർക്കാർ അചഞ്ചലമായി പ്രവർത്തിക്കുന്നതിന് പ്രതിജ്ഞാബദ്ധമാണെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുതരുന്നു. നമ്മുടെ ജനങ്ങൾ സർക്കാരിൽ അർപ്പിച്ചിട്ടുള്ള പ്രതീക്ഷകൾ, നിരന്തരമായതും ലക്ഷ്യബോധത്തോടുകൂടിയതും കഠിനാദ്ധ്വാനവും സമർപ്പണവും കൊണ്ട് ശ്രദ്ധേയവുമായ പ്രവർത്തനങ്ങളാൽ എന്റെ സർക്കാർ നിറവേറ്റുന്നതാണ്. ഏകമനസ്സോടെയുള്ള ഇത്തരം സ്ഥിരപ്രയത്നം യഥാസമയം മഹത്തായ നേട്ടം ഉണ്ടാക്കുമെന്നതിൽ സംശയമില്ല. എന്റെ സർക്കാർ നടത്തിയിട്ടുള്ള പരിശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടെന്നും രാജ്യത്തെ സാമൂഹിക സാമ്പത്തിക വികസനത്തിന്റെ മിക്കവാറും എല്ലാ മേഖലകളിലും നേതൃസ്ഥാനത്തേക്ക് ഉയർന്നു വരുന്നതിന് കേരളം സജ്ജമായിട്ടുണ്ടെന്നും സൂചിപ്പിക്കുന്ന നിരവധി സമീപകാല റിപ്പോർട്ടുകൾ ഉണ്ടെന്നതും പ്രോത്സാഹജനകമാണ്.

5. നമ്മുടെ സംസ്ഥാനത്തിന്റെ വികസന ലക്ഷ്യങ്ങൾക്ക് അനുസൃതമായി XII-ാം പഞ്ചവൽസര പദ്ധതിയുടെ ചെലവിനായുള്ള വകയിരുത്തൽ 1.02 ലക്ഷം കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന വിവരം ഈ മഹനീയ സഭയെ അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇത് മുൻ പഞ്ചവത്സരപദ്ധതിയുടേതിനേക്കാൾ 150 ശതമാനത്തിലധികമാണ്. 'പെർസ്പെക്റ്റീവ് പ്ലാൻ, 2030' (PERSPECTIVE PLAN 2030)-ന്റെ ആദ്യ കരട് സംസ്ഥാന പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. ആസൂത്രിത വളർച്ചാനിരക്കായ 7.5% അടിസ്ഥാനമാക്കി, മുന്തിയ പുരോഗതി കൈവരിച്ച നോർഡിക് രാജ്യങ്ങളുടെ അതേ നിലവാരത്തിലേക്ക് 2040-ഓടെ കേരളത്തെയും എത്തിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

6. എന്റെ സർക്കാർ, പദ്ധതിച്ചെലവുകളിൽ പ്രഥമമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് മെച്ചപ്പെട്ട രീതിയിലുള്ള ധന വിനിയോഗത്തിലായിരിക്കുന്നതാണ്. പദ്ധതി നിർവ്വഹണത്തിന്റെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി നിരീക്ഷിക്കുന്നതിനായി 'പ്ലാൻ സ്പേസ്' (PLAN SPACE) എന്ന ഒരു പുതിയ സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടുണ്ട്. സംസ്ഥാനം ഇപ്പോൾ സാക്ഷ്യം വഹിക്കുന്ന വികസനത്തിന്റെ ഗുണഫലങ്ങൾ നമ്മുടെ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങൾക്കും സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും ലഭിക്കുന്നുണ്ടെന്ന് എന്റെ സർക്കാർ ഉറപ്പുവരുത്തുന്നതാണ്. എന്റെ സർക്കാർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളുടെയും തീരദേശപ്രദേശങ്ങളുടെയും മലയോര പ്രദേശങ്ങളുടെയും വികസനപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വാർഷിക പദ്ധതികളിൽ പ്രത്യേക പാക്കേജുകൾക്ക് രൂപം നൽകുന്നതാണ്. ഏറ്റവും പിന്നാക്ക പ്രദേശങ്ങളിലെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അവ പ്രത്യേകമായി പരിഹരിക്കുന്നതിനും ഒരു ഉന്നതാധികാരസമിതി രൂപീകരിക്കുന്നതാണ്. 'റിസൾട്ട്സ് ഫ്രെയിംവർക്ക് ഡോക്യുമെന്റ്' (Results Framework Document) നടപ്പിലാക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക്, 2013 ഒക്ടോബറിൽ ഭാരതസർക്കാരിൽ നിന്നും 'അവാർഡ് ഓഫ് എക്സലൻസ്' (Award of Excellence) സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി.

7. വ്യാവസായിക നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് അടിസ്ഥാനസൗകര്യവികസനം വളരെയേറെ നിർണ്ണായകമാണെന്ന് എന്റെ സർക്കാർ കരുതുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ വ്യാവസായിക വികസന

മേഖലകൾ സ്ഥാപിക്കുന്നതോടെ 'കിൻഫ്ര' (KINFRA) മുന്നേറുന്നതാണ്. 'സ്പെസിഫിക് ഹൈ പ്രയോറിറ്റി' (specific high priority) ഇലക്ട്രോണിക് ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം പ്രോൽസാഹിപ്പിക്കുന്നതിനായി ഭാരതസർക്കാരിന്റെ സഹായത്തോടെ രണ്ട് ഇലക്ട്രോണിക് ഉൽപ്പാദക ക്ലസ്റ്ററുകൾ കൊച്ചിയിൽ സ്ഥാപിക്കുന്നതാണ്.

8. സർക്കാർ വകുപ്പുകൾക്കൊപ്പം പൊതുമേഖലാ സ്ഥാപനങ്ങളിലും ഇ-പ്രൊക്യൂർമെന്റും ഇ-പേയ്മെന്റും കൊണ്ടുവന്നത് കൂടുതൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുകയുണ്ടായി എന്ന് ഈ മഹനീയ സഭയെ അറിയിക്കുന്നതിൽ എന്റെ സർക്കാരിന് സന്തോഷമുണ്ട്. കഴിഞ്ഞവർഷം, വ്യവസായ വകുപ്പിൻകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ 34 കോടി രൂപ ലാഭവിഹിതമായി നൽകുകയുണ്ടായി. ഭരണ നിർവ്വഹണ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ പ്രൊഫഷണലുകളെ പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് കൊണ്ടുവരുന്നതാണ്.

9. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ (Micro, Small and Medium Enterprises-MSMEs) വ്യാവസായിക നിക്ഷേപത്തിലും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലും ത്വരിത ഗതിയിലുള്ള വളർച്ച ഉണ്ടാക്കിയിട്ടുണ്ട്. ഭാരതസർക്കാരിന്റെ പൊതു സംഭരണ നയത്തിന് അനുസൃതമായിട്ടുള്ള ആനുകൂല്യങ്ങൾ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് (MSMEs) ലഭ്യമാക്കുന്നതാണ്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കായി കൂടുതൽ ബഹുനില വ്യവസായ എസ്റ്റേറ്റുകൾ

നിർമ്മിക്കുന്നതാണ്. ഈ മേഖലയിലെ വിപണന സാദ്ധ്യതകൾ പ്രദർശിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി 2014-ൽ ഒരു 'ബിസിനസ് റ്റു ബിസിനസ് മീറ്റ്' കൊച്ചിയിൽ സംഘടിപ്പിക്കുന്നതാണ്.

10. പരമ്പരാഗതമേഖലയിൽ നിന്നുള്ള ഉൽപ്പന്നങ്ങളെ ബ്രാൻഡ് ചെയ്യുന്നതിനായുള്ള നൂതനതന്ത്രങ്ങൾ ഈ മേഖലയിൽ ആവിഷ്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. കശുവണ്ടി, കൈത്തറി, മുള, കരകൗശലം എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിനായി ഫണ്ടുകളുടെയും അസംസ്കൃത വസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതാണ്. മറ്റുള്ളവയ്ക്കൊപ്പം തൊണ്ട് സംഭരണ പദ്ധതി, ഡീഫൈബറിംഗ് യൂണിറ്റുകളുടെ പുനരുദ്ധരിക്കൽ/സ്ഥാപിക്കൽ എന്നിവയിലൂടെ കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി എന്റെ സർക്കാർ കൂട്ടായ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. തൊണ്ട് സംഭരണം വർദ്ധിപ്പിക്കുന്നതിനും ചകിരിനാരിന്റെ ലഭ്യത പരമാവധി വർദ്ധിപ്പിക്കുന്നതിനും വേണ്ടി നാളികേര വികസന ബോർഡ് പോലുള്ള ഏജൻസികളും കൃഷിവകുപ്പും സഹായിക്കുന്നതാണ്.

11. അക്ഷയകേന്ദ്രങ്ങൾ കേരളത്തിന്റെ വിവരസാങ്കേതിക വിദ്യയുടെ അഭിമാനമാണ്. 2000 അക്ഷയകേന്ദ്രങ്ങൾ മുഖേന ഓരോ പൗരന്റെയും പടിവാതിൽക്കൽ പൊതുസേവനങ്ങൾ എത്തിക്കുന്നതിൽ എന്റെ സർക്കാർ വിജയിച്ചിട്ടുണ്ട്. ഇ-ഡിസ്ട്രിക്റ്റ് പദ്ധതി 14 ജില്ലകളിലും നടപ്പിലാക്കുകയും 52 ലക്ഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ ഈ കേന്ദ്രങ്ങൾ മുഖേന

വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 'സർവ്വീസ് പ്ലസ് സോഫ്റ്റ്‌വെയർ' മുഖേന 500-ൽ അധികം സേവനങ്ങളെ ഇ-ഗവേണൻസ് കുടക്കീഴിൽ കൊണ്ടുവരുന്നതാണ്. അക്ഷയ കേന്ദ്രങ്ങൾ, ഈ വർഷം കിയോസ്ക് ബാങ്കിംഗ്, മൈക്രോ എ.ടി.എം.-കൾ, റീട്ടെയിൽ ഇൻഷുറൻസ് എന്നിവയുടെ അനുയോജ്യ മേഖലകളിൽ (niche areas) സേവനങ്ങൾ ലഭ്യമാക്കുന്നതാണ്. ആധാറിൽ പേര് ചേർക്കുന്നതിൽ നമ്മുടെ സംസ്ഥാനം രാജ്യത്ത് മുൻനിരയിലാണ്. സംസ്ഥാനത്തെ 98% ജനങ്ങളും ആധാറിൽ പേര് ചേർത്തിട്ടുണ്ട്. എല്ലാ ഗുണഭോക്തൃ ആനുകൂല്യങ്ങളും അവരവരുടെ ആധാർ നമ്പരുമായി ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നൽകുന്നതാണ്.

12. സംസ്ഥാന ഡേറ്റാ കേന്ദ്രത്തെ (State Data Centre) 'ക്ലൗഡ് എനേബിൾഡ്' ആക്കുന്നതാണ്. 'ഡിജിറ്റൽ കേരള' എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിലേയ്ക്കായി എല്ലാ പഞ്ചായത്തുകളിലും ഒപ്റ്റിക്കൽ കണക്റ്റിവിറ്റി ലഭ്യമാകുന്ന നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് നടപ്പിലാക്കുന്നതാണ്. കാലതാമസം കുറയ്ക്കുന്നതിനായി താലൂക്ക് തലത്തിലുള്ള ആഫീസുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഉപയോഗിക്കുന്നതാണ്. സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് നടപ്പിലാക്കിവരുന്നതും അടുത്ത വർഷം എല്ലാ ഡയറക്ടറേറ്റുകളിലേയ്ക്കും കളക്ടറേറ്റുകളിലേയ്ക്കും ഇത് വ്യാപിപ്പിക്കുന്നതുമാണ്. എന്റെ സർക്കാർ, 2014 ജനുവരിയിൽ കൊച്ചിയിൽ സംഘടിപ്പിക്കുന്ന നാഷണൽ ഇ-ഗവേണൻസ് കോൺഫറൻസിൽ കേരളത്തിന്റെ മികച്ച വിവര സാങ്കേതികവിദ്യ ഉദ്യമങ്ങൾ പ്രദർശിപ്പിക്കുന്നതാണ്.

13. എന്റെ സർക്കാർ, നൂതന ആശയങ്ങളുള്ള യുവ സംരംഭകർക്ക് സംരംഭക സഹായക പദ്ധതി പ്രകാരം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ബജറ്റിൽ ഉൾപ്പെടുത്തി സഹായം നൽകുവാൻ ഉദ്ദേശിക്കുന്നു. ഓരോ വർഷവും സെപ്തംബർ 12 സംസ്ഥാനത്ത് സംരംഭകദിനമായി ആഘോഷിക്കുന്നതാണ്. 2012-ൽ കൊച്ചിയിൽ ആരംഭിച്ച, ഇന്ത്യയിലെ ആദ്യത്തെ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകാ ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്റർ ആയ സ്റ്റാർട്ട്അപ് വില്ലേജ് അടുത്ത പത്ത് വർഷത്തിനുള്ളിൽ ആയിരം പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായകമാകുന്നതാണ്. ടെക്നോപാർക്ക് ടി.ബി.ഐ. (TBI)-യുടെ കീഴിൽ കളമശ്ശേരിയിലെ കിൻഫ്രാ ഹൈടെക് പാർക്കിൽ 'കേരളാ ടെക്നോളജി ഇന്നൊവേഷൻ സോൺ' സ്ഥാപിക്കുന്നതാണ്.

14. സ്മാർട്ട് സിറ്റി പദ്ധതിക്ക് കൂടുതൽ വേഗത കൈവന്നിട്ടുണ്ടെന്നും ഏകദേശം 14 മില്ല്യൺ ചതുരശ്ര അടി നിർമ്മിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ അംഗീകരിച്ചിട്ടുണ്ടെന്നും ഈ മഹനീയ സഭയെ അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. 2015 മാർച്ചോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന 6.5 ലക്ഷം ചതുരശ്ര അടിയുള്ള ആദ്യത്തെ ബ്ലോക്ക്, 12000 പേർക്ക് തൊഴിൽ നൽകുന്നതാണ്. ഉന്നത നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി എന്റെ സർക്കാർ സ്വകാര്യ ഐ.ടി.-കളെയും ഹൈടെക് പാർക്കുകളെയും സമ്പൂർണ്ണമായ 'വാക്ക്-റ്റു-വർക്ക്' (walk-to-work) ടൗൺഷിപ്പുകളാക്കുന്നതിനെ പ്രോൽസാഹിപ്പിക്കുന്നതിന് ഒരു പുതിയ പദ്ധതി കൊണ്ടുവന്നിട്ടുണ്ട്.

15. എന്റെ സർക്കാർ, നെല്ലിന്റെയും നാളികേരത്തിന്റെയും പച്ചക്കറിയുടെയും വികസനം, മണ്ണിന്റെയും വിളയുടെയും ആരോഗ്യപരിപാലനം, കൃഷി വ്യാപനവും സാങ്കേതിക സഹായവും എന്നിവയ്ക്കായുള്ള വിവിധ പദ്ധതികളുടെ നിർവ്വഹണം കേന്ദ്രീകരിച്ചുകൊണ്ടാണ് അതിന്റെ കാർഷിക നയങ്ങൾക്ക് രൂപം നൽകിയിട്ടുള്ളത്. തത്ഫലമായുള്ള നേട്ടങ്ങൾ ഭക്ഷ്യവിളകളുടെ വർദ്ധിച്ച ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും ഞങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്.

16. പച്ചക്കറി വികസന പരിപാടികൾക്ക് കൂടുതൽ ഊന്നൽ നൽകുന്നതാണ്. സുസ്ഥിരമായ ആവാസ വ്യവസ്ഥയും മികച്ച സസ്യപരിപാലന രീതികളും അവലംബിച്ചുകൊണ്ട് വിളയുടെ ആരോഗ്യ പരിപാലനത്തിനായി എന്റെ സർക്കാർ പുരോഗമനോന്മുഖമായ ഒരു പുതിയ സമീപനം സ്വീകരിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട കൃഷി ഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതാണ്.

17. ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്രവികസനത്തിന് പ്രതിജ്ഞാബദ്ധമായ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, ദേശീയ ഹോർട്ടികൾച്ചർ മിഷൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നു. എന്റെ സർക്കാർ ആരംഭിച്ചിട്ടുള്ള ഹൈടെക് ഫാമിംഗ് പദ്ധതി, പ്രത്യേകിച്ചും യുവകർഷകർക്കും പ്രവാസി കേരളീയർക്കുമിടയിൽ, അതീവ താൽപ്പര്യം ജനിപ്പിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ 14 ഹൈടെക് വില്ലേജുകൾ സ്ഥാപിച്ചുവരുന്നു. എന്റെ സർക്കാർ, നെതർലാന്റ്സ് സർക്കാരിന്റെ സഹായത്തോടെ ഒരു ടെക്നോളജി സെന്റർ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഹൈടെക് കൃഷി

പ്രോത്സാഹിപ്പിക്കുന്നതിനായി സബ്സിഡിയും നിശ്ചിത കാലത്തേയ്ക്കുള്ള വായ്പകൾക്ക് പലിശ ഇളവുകളും ലഭ്യമാക്കുന്നതാണ്. ഹരിതഗൃഹങ്ങളിൽ (Poly houses) കൃഷി ചെയ്യുന്നതിനു കൂടി സാമ്പത്തിക സഹായം ലഭ്യമാക്കുന്നതാണ്. ഹൈടെക് സമ്പ്രദായങ്ങൾ സ്വീകരിക്കുന്ന കർഷകരെ ആഗോള വിപണിയിൽ മത്സരിക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളായി (Farmer Producer Organizations) സംഘടിപ്പിക്കുന്നതാണ്. വാഴക്കൃഷിയിലും പച്ചക്കറികൃഷിയിലും 'തുറസ്സായ കൃത്യതാ കൃഷി' (Open precision farming) പ്രോത്സാഹിപ്പിക്കുന്നതാണ്. വട്ടവടയിലും കാന്തല്ലൂരിലും 'സേഫ് റ്റു ഈറ്റ്' ശീതകാല പച്ചക്കറികളും വയനാട്ടിൽ ട്രോപ്പിക്കൽ ഫലമായ ലിച്ചിയും ഇടുക്കിയിൽ സ്ട്രോബറിയും മൂന്നാറിൽ ഡച്ച്റോസും കൃഷി ചെയ്യുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നതാണ്. അട്ടപ്പാടി ഗോത്രവർഗ്ഗ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നമായ പോഷകാഹാരക്കുറവിന് പരിഹാരം കാണുന്നതിനായി മിഷൻ ആ പ്രദേശത്ത് പോഷകോദ്യാനങ്ങൾ നിർമ്മിക്കുന്നതാണ്. പരിഷ്ക്കരിക്കപ്പെട്ട 'ആത്മ പ്ലസ്' (ATMA Plus) മാതൃകയിലുള്ള കാർഷിക വ്യാപനം സ്വീകരിക്കുന്നതാണ്. കേരളത്തെ ഒരു ജൈവ സംസ്ഥാനമാക്കി ക്രമേണ മാറ്റുന്നതിനുവേണ്ടി കാസർഗോഡ്, ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതാണ്.

18. അടുത്ത വർഷം, 23023 ഹെക്ടർ ഭൂമി വികസിപ്പിക്കുന്നതിനായി നബാർഡിന്റെ സഹായത്തോടെ പുതിയ 28 മണ്ണ്-ജല സംരക്ഷണ പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. കേരളത്തിലെ മണ്ണ് സംബന്ധിച്ച ഒരു റഫറൻസ് കേന്ദ്രമായ 'സോയിൽ മ്യൂസിയം' സംസ്ഥാനത്തെ ജനങ്ങൾക്കായി സമർപ്പിക്കുന്നതാണ്. 78 അസംരക്ഷിത ഗോത്രവർഗ്ഗ വാസസ്ഥലങ്ങളുടെ വികസനത്തിനായി പരിസ്ഥിതി സംരക്ഷണ പദ്ധതി പൂർത്തീകരിക്കുന്നതാണ്.

19. സ്വയംപര്യാപ്തത നേടിയെടുക്കുന്നതിനും കർഷകരുടെ പടിവാതിൽക്കൽ മൃഗചികിത്സാ സേവനങ്ങൾ എത്തിക്കുന്നതിനുമായിരിക്കും മൃഗസംരക്ഷണമേഖലയിൽ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. മാംസോത്പാദനം വർദ്ധിപ്പിക്കുന്നതിനായി ഒരു യൂണിറ്റിൽ 5 മുതൽ 10 വരെ കാളക്കുട്ടികൾ ഉൾക്കൊള്ളുന്ന, കാളക്കുട്ടികളുടെ ശരീരഭാരം വർദ്ധിപ്പിക്കുന്ന, 1000 യൂണിറ്റുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതാണ്. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ ഒരു പുതിയ പൗൾട്രിഫാമും ഹാച്ചറി യൂണിറ്റും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. കർഷകരുടെ പടിവാതിൽക്കൽ എത്താൻ കഴിയുംവിധം രണ്ട് മൾട്ടി സ്പെഷ്യാലിറ്റി മൊബൈൽ വെറ്റിനറി ക്ലിനിക്കുകൾ സ്ഥാപിക്കുന്നതാണ്. കാസർഗോഡും വയനാടും മൃഗസംരക്ഷണ പരിപാലന പരിശീലനകേന്ദ്രങ്ങളും മലമ്പുഴയിൽ മൃഗശാസ്ത്ര മ്യൂസിയവും സ്ഥാപിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

20. ക്ഷീരമേഖല സംസ്ഥാനത്തിന് നൽകുന്ന വിലപ്പെട്ട സംഭാവനകൾ എന്റെ സർക്കാർ തിരിച്ചറിയുന്നു. ഗുണമേന്മയുള്ള കറവമൃഗങ്ങളുടെ വ്യാപാരം കർഷകർക്ക് നേരിട്ട് നടത്തുന്നതിനായി ഒരു മാതൃക ഇ-വിപണി സ്ഥാപിക്കുന്നതാണ്. സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ പ്രധാന ചെക്ക്പോസ്റ്റുകളിലും എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ പാൽ പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതാണ്. എന്റെ സർക്കാർ, സംസ്ഥാനത്തെ മികച്ച അമൂൽ മാതൃക ക്ഷീര സഹകരണ സംഘങ്ങളെയും (APCOS) അല്ലാതെയുള്ള ക്ഷീര സഹകരണ സംഘങ്ങളെയും (Non-APCOS) അംഗീകരിക്കുന്നതിനായി ഡോ. വർഗ്ഗീസ് കുര്യൻ മെമ്മോറിയൽ അവാർഡ് അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം ഏർപ്പെടുത്തുന്നതാണ്.

21. മത്സ്യബന്ധന മേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളികളെയും ഈ മേഖലയിൽ ജോലി ചെയ്യുന്ന വനിതകളെയും സഹായിക്കുന്നതിനുമായി എന്റെ സർക്കാർ നിരന്തര പരിശ്രമം നടത്തിയിട്ടുണ്ട്. മത്സ്യബന്ധന വകുപ്പ്, ഭൂമിയോ വീടോ ഇല്ലാത്ത പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി ഒരു സമഗ്ര പാർപ്പിട പദ്ധതി നടപ്പിലാക്കുന്നതാണ്. കേരളത്തിലെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന നാടൻ മത്സ്യവർഗ്ഗങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ ജനുസിൽപ്പെട്ട മത്സ്യങ്ങളുടെ ഹാച്ചറികൾ സ്ഥാപിക്കുന്നതാണ്. മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി എന്റെ സർക്കാർ മുന്നോട്ടുപോകുന്നതാണ്.

22. ഇ. എം. എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം ഒരു ലക്ഷത്തി പതിനെണ്ണായിരം വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനാകുമെന്നും മുപ്പത്തിനാലായിരം വീടുകളുടെ നിർമ്മാണം നടന്നുവരികയാണെന്നും അറിയിക്കുന്നതിൽ എന്റെ സർക്കാരിന് അതിയായ സന്തോഷമുണ്ട്. ലക്ഷംവീട് നവീകരണ പദ്ധതി പ്രകാരം ഏഴായിരത്തോളം വീടുകൾ നവീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് വകുപ്പുമന്ത്രി നടത്തിയ 'ഗ്രാമ യാത്ര' ഗ്രാമസഭകളുടെ പ്രവർത്തനത്തിന് ഒരു വലിയ പ്രേരകശക്തിയായിട്ടുണ്ട്. 1800-ലധികം തസ്തികകൾ സൃഷ്ടിച്ചതുവഴി പഞ്ചായത്തുവകുപ്പിലെ മാനവശേഷി ഗണ്യമായി വർദ്ധിപ്പിച്ച് പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിന് എന്റെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

23. കുടുംബശ്രീ, ലോകത്തിലെ ഏറെ പ്രശംസ പിടിച്ചുപറ്റിയ സ്വയം സഹായക സംഘ പ്രസ്ഥാനങ്ങളിലൊന്നായി അതിന്റെ മുന്നോട്ടുള്ള പ്രയാണം തുടരുകയാണ്. കേന്ദ്ര-സംസ്ഥാന പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട്, ഒരു പലിശ ഇളവ് പദ്ധതി കുടുംബശ്രീ ആരംഭിച്ചിട്ടുള്ളതും അതിൻകീഴിൽ

ഗുണഭോക്താക്കൾക്ക് 4% പലിശ നിരക്കിൽ വായ്പ ലഭ്യമാകുന്നതുമാണ്. ആയിരക്കണക്കിന് തൊഴിൽരഹിതരായ ഗ്രാമീണ യുവാക്കൾക്ക് അവരുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതിയായ കേന്ദ്ര ആജീവിക പദ്ധതിക്ക് (Central Aaajevika Scheme) കുടുംബശ്രീ തുടക്കം കുറിച്ചിട്ടുണ്ട്.

24. എന്റെ സർക്കാർ, സാമ്പത്തികമായി ഏറ്റവും ദുർബലമായ പഞ്ചായത്തുകൾക്ക് ആദായകരമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും അതുവഴി അവയ്ക്ക് സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കഴിയുംവിധം ഒരു ശാക്തീകരണ പരിപാടി ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. വ്യത്യസ്ത ചിന്താധാരകളെയും അനുഭവജ്ഞാനത്തെയും സമന്വയിപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണത്തിൽ നൂതന അറിവുകൾ നേടുന്നതിനും അനുയോജ്യമായ മാറ്റത്തിനും ഉതകുന്ന നല്ല സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിനുമായി 2014-ൽ തദ്ദേശ ഭരണത്തിൽ ഒരു അന്താരാഷ്ട്ര സംഗമം നടത്തുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

25. നമ്മുടെ ഗ്രാമീണ കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ എന്റെ സർക്കാർ ഫലപ്രദമായി പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്നു. 2013-14-ൽ സംസ്ഥാനത്തെ 17.47 ലക്ഷം ഗ്രാമീണ കുടുംബങ്ങൾക്കായി 875.57 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. ദീർഘകാല സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുന്നതിന് ഊന്നൽ നൽകുന്നതാണ്. ഇലക്ട്രോണിക് മസ്റ്റർ ആന്റ് മെഷർമെന്റ് സിസ്റ്റം മുഖേന തൊഴിലാളികൾക്കുള്ള വേതനം യഥാസമയം

നൽകുന്നത് ഉറപ്പാക്കുന്നതാണ്. പി.എം.ജി.എസ്.വൈ (PMGSY)-ൻ കീഴിൽ അനുമതി ലഭിച്ച 1335 റോഡുകളിൽ 1702 കിലോമീറ്റർ ദൈർഘ്യമുള്ള 772 റോഡുകൾ പൂർത്തീകരിക്കുകയുണ്ടായി. അട്ടപ്പാടിയിലെ ഗോത്രവർഗ്ഗ സമൂഹത്തിന്റെ വികസന പ്രശ്നങ്ങൾ പരിഹരിക്കുക എന്ന അടിയന്തിര ആവശ്യം പരിഗണിച്ച്, അട്ടപ്പാടി പാക്കേജ് എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നുണ്ട്.

26. എന്റെ സർക്കാർ, ഇന്ദിര ആവാസ് യോജന പ്രകാരം 60000 വീടുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. സർക്കാർ ഓരോ വീടിനും 50,000 രൂപ വീതം നൽകുന്നതും ബാക്കി തുക ത്രിതല പഞ്ചായത്തുകൾ വഹിക്കുന്നതുമാണ്. സ്വയം സഹായക സംഘങ്ങൾക്ക് സുസ്ഥിര വരുമാനം ഉണ്ടാക്കുന്നതിന്റെ ഭാഗമായി ഒരോ ഗ്രാമപഞ്ചായത്തിലെയും രണ്ട് സൂക്ഷ്മ സംരംഭങ്ങളെയെങ്കിലും സഹായിക്കുന്നതും ലാഭകരമായ കൂട്ടായ പ്രവർത്തനങ്ങൾക്ക് ഒരോ ഗ്രാമപഞ്ചായത്തിനും 2,00,000 രൂപ വീതം സാമ്പത്തിക സഹായമായി നൽകുന്നതുമാണ്.

27. തിരുവനന്തപുരത്ത് മലിനജലശുദ്ധീകരണ പ്ലാന്റ് കമ്മീഷൻ ചെയ്യുകയുണ്ടായി. ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷന്റെ കീഴിൽ അനുവദിക്കപ്പെട്ട 400 ബസ്സുകൾ വിവിധ മുനിസിപ്പൽ പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്നതാണ്. പാർക്കിംഗ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നഗരപ്രദേശങ്ങളിൽ ബഹുനില പാർക്കിംഗ് സംവിധാനത്തിനുവേണ്ടി ഒരു പുതിയ പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്. അഴുക്കുചാലിന്റെ പരസ്പരബന്ധിത ശൃംഖല ഇല്ലാത്തയിടങ്ങളിൽ പുതിയവ

തുടങ്ങുന്നതിനും നടന്നുകൊണ്ടിരിക്കുന്ന ജോലികൾ പൂർത്തീകരിക്കുന്നതിനും ആയിരിക്കും ഊന്നൽ നൽകുന്നത്. നഗരവികസന മന്ത്രാലയം ശുദ്ധജല വിതരണത്തിനും ഖരമാലിന്യ സംസ്കരണത്തിനുമായി 22 മുനിസിപ്പാലിറ്റികളിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ത്വരിതപ്പെടുത്തുന്നതാണ്. കേരള നഗര-ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ, ഈ വർഷം 815-ൽ അധികം പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ നഗരപ്രദേശങ്ങൾക്കും വേണ്ടി രണ്ടാംഘട്ട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് പൂർത്തീകരിക്കുന്നതാണ്. ആയത് നമ്മുടെ നഗരപ്രദേശങ്ങളുടെ ആസൂത്രിതവും ക്രമാനുഗതവുമായ വികസനത്തിന് ഗണ്യമായ സഹായം നൽകുന്ന ഒരു ചുവടുവയ്പാണ്. എല്ലാ ജില്ലകൾക്കും ഘട്ടം ഘട്ടമായി തദ്ദേശവികസന പദ്ധതികളും സംയോജിത ജില്ലാ വികസന പദ്ധതികളും തയ്യാറാക്കുന്നതാണ്.

28. എന്റെ സർക്കാർ, സംസ്ഥാനത്തൊട്ടാകെ സ്വകാര്യ-പൊതു പങ്കാളിത്തരീതിയിൽ സമഗ്ര നഗരവികസന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. നഗര വികസന പദ്ധതികളിൽ ഗണ്യമായ നിക്ഷേപസമാഹരണം നടത്തുന്നതിനായി 'പാർട്നർ കേരള' (Partner Kerala) എന്ന ഒരു നിക്ഷേപക സംഗമം സംഘടിപ്പിക്കുന്നതാണ്. ഉയരം കൂടിയ എല്ലാ അപ്പാർട്ട്മെന്റുകളിലും ആഫീസ് കെട്ടിടങ്ങളിലും സംരക്ഷിത സ്വകാര്യ പാർപ്പിട സമൂഹങ്ങളിലും സാമൂഹ്യാധിഷ്ഠിത വികേന്ദ്രീകൃത മാലിന്യ സംഭരണവും മാലിന്യ സംസ്കരണവും നിർവ്വഹിക്കുന്നതിനുവേണ്ടി ഒരു സേവനദാതാവ് എന്ന നിലയിൽ 'ക്ലീൻ കേരള കമ്പനി ലിമിറ്റഡ്' എന്റെ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. നഗരത്തിലെ ചേരി പ്രദേശങ്ങളിലുള്ള എല്ലാ പാവപ്പെട്ടവർക്കും പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിന് എന്റെ സർക്കാർ ലക്ഷ്യമിടുന്നു.

29. 12 ലക്ഷത്തോളമെന്ന് കണക്കാക്കപ്പെടുന്ന വീടുകളുടെ കുറവിന് ഒരു ശാശ്വത പരിഹാരം കണ്ടെത്താൻ കൂട്ടായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിന് കഴിയുമെന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നു. സാഫല്യം, ഗൃഹശ്രീ, സൗഭാഗ്യ, അനുഗ്രഹ എന്നിവപോലെയുള്ള പദ്ധതികളും നൂതന ഭവന നിർമ്മാണ പദ്ധതികളും ശക്തിപ്പെടുത്തുന്നതാണ്. ഭവന നിർമ്മാണ മേഖലയിൽ ഫണ്ടുകൾ സ്വരൂപിക്കുന്നതിനായി കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷനെ ഉപയോഗപ്പെടുത്തുന്നതാണ്. ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന്റെ ആദ്യഘട്ട നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. എന്റെ സർക്കാർ, കേരള കെട്ടിടങ്ങൾ (പാട്ടവും വാടക നിയന്ത്രണവും) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികളെടുത്തുവരുന്നു. താഴ്ന്ന വരുമാന വിഭാഗങ്ങൾക്ക് ഭവനവായ്പ നൽകുന്നതിലൂടെയുള്ള നഷ്ടസാദ്ധ്യത ലഘൂകരിക്കുന്നതിനായി ഒരു 'സ്റ്റേറ്റ് ഹൗസിംഗ് റിസ്ക് ഫണ്ട്' രൂപീകരിക്കുന്നതാണ്.

30. എന്റെ സർക്കാർ, 2014-15 കാലയളവിൽ അവികസിത പട്ടികജാതി കോളനികളുടെ വികസനം ഏറ്റെടുക്കുന്നതാണ്. വിവിധ വകുപ്പുതല ഉദ്യമങ്ങൾക്കുകീഴിൽ ഏറ്റെടുത്തിട്ടുള്ള പൂർത്തീകരിയ്ക്കാത്ത വീടുകൾ പൂർത്തീകരിയ്ക്കുന്നതിനായി പ്രത്യേക ശ്രമം നടത്തുന്നതാണ്. ഭൂരഹിതർക്ക് ഭൂമിയും ഭവനരഹിതർക്ക് ഭവനവും നൽകുന്നതിന് ഊന്നൽ നൽകുന്നതാണ്. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി (Self Sufficient Colony Scheme) പ്രകാരം അൻപത് കോളനികൾ അധികമായി ഏറ്റെടുക്കുന്നതാണ്. പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി ഒരു

പ്രത്യേക ശ്രമം നടത്തുന്നതാണ്. കായിക മേഖലയിൽ മികവ് പുലർത്തുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി ഒരു സ്പോർട്സ് കോളേജ് തുടങ്ങുന്നതാണ്.

31. സംസ്ഥാനത്തെ പട്ടിക ഗോത്രവർഗ്ഗ സമുദായങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ നടപ്പിലാക്കു ന്നതിൽ പട്ടിക ഗോത്രവർഗ്ഗ വികസന വകുപ്പ് മുൻനിരയിലാണ്. സംസ്ഥാനത്തെ ഗോത്രവർഗ്ഗ കോളനികളിലേയ്ക്കുള്ള റോഡ് ബന്ധം മെച്ചപ്പെടുത്തുന്നതിനായി 100 കോടി രൂപ വായ്പയെടു ക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഈ വർഷം, സമുദായ ത്തിലെ മുതിർന്ന പൗരൻമാർക്കും ശയ്യാവലംബികളായ ആളുകൾക്കുമായി ഒരു ഒറ്റത്തവണ സഹായ പദ്ധതി നടപ്പിലാ ക്കുന്നതാണ്. ലഹരി വിമുക്ത പ്രചാരണത്തിൽ സഹായിക്കു ന്നതിനായി പരിശീലനം സിദ്ധിച്ച വനിതാ സാമൂഹ്യ പ്രവർത്ത കരുടെ സംഘങ്ങളെ വിന്യസിപ്പിച്ചുകൊണ്ട് ഒരു പൈലറ്റ് പദ്ധതി ആരംഭിക്കുന്നതാണ്.

32. സാമുദായികവും ഭൂമിശാസ്ത്രപരവുമായ വ്യത്യാസങ്ങൾ കണക്കിലെടുത്ത് 36 പട്ടിക ഗോത്രവർഗ്ഗ സമുദായങ്ങൾക്ക് പ്രത്യേകമായ കരുതൽ നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കു ന്നതാണ്. 1000 പുതിയ 'ഊരുവികസന സമിതികളെ' (OVS) റസിഡന്റ്സ് അസോസിയേഷനുകളായി രൂപീകരിക്കുന്നതാണ്. ഹഡ്കോയിൽ നിന്നെടുക്കുന്ന 195 കോടി രൂപയുടെ വായ്പ മുഖേന നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾക്ക് അനുബന്ധമായി 5000 വീടുകൾ കൂടി നൽകുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഗോത്രവർഗ്ഗ കുടുംബങ്ങളെയും

100% പട്ടികഗോത്രവർഗ്ഗ കുടുംബശ്രീ യൂണിറ്റുകളെയും സഹായിക്കുന്നതിനായി ഒരു കടാശ്വാസ പദ്ധതി ആവിഷ്കരിക്കുന്നതാണ്.

33. ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിന് എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുന്നു. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ, ന്യൂനപക്ഷ സമുദായങ്ങളിലെ യുവാക്കൾക്കായി ആറ് പുതിയ പരിശീലന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിച്ചത് ഈ വർഷത്തെ പ്രധാന നേട്ടങ്ങളിൽ ചിലതാണ്. കേരള സംസ്ഥാന വഖഫ് ബോർഡിന്റെ സഹകരണത്തോടുകൂടി മലപ്പുറത്ത് 'കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈനോറിറ്റി സ്റ്റഡീസ്' (Kerala Institute of Minority Studies) സ്ഥാപിക്കുന്നതാണ്.

34. ഐ.ഐ.റ്റി. എൻ.ഐ.റ്റി, എ.ഐ.ഐ.എം.എസ്, ഐ.ഐ.എം. പോലെയുള്ള ദേശീയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പിന്നോക്ക സമുദായങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്കായി ഒരു പ്രത്യേക സഹായ പദ്ധതി ആരംഭിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. 'ഐ.ടി. ഫോർ മാസ്സസ്സ്' (IT for masses) പദ്ധതി പ്രകാരം 1000 വനിതകൾക്ക് പരിശീലനം നൽകുന്നതാണ്. പിന്നോക്ക സമുദായ വകുപ്പ് അതിന്റെ ശൈശവദശയിലാണെങ്കിലും, ഈ വർഷം പിന്നോക്ക വിഭാഗങ്ങളുടെ വികസനത്തിനായുള്ള വെല്ലുവിളികൾ ഏറ്റെടുക്കുന്നതിനായി അതിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

35. അന്യസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനും എല്ലാ വിവരങ്ങളും അടങ്ങുന്ന യു.ഐ.ഡി. (UID) കാർഡുകൾ നൽകുന്നതിനുമായി ഒരു പുതിയ നിയമനിർമ്മാണം

നടത്തുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇൻഷ്വറൻസ് ആന്റ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ആധുനികവൽകരിക്കുന്നതിന്റെ ഭാഗമായി 'ഇ.എസ്.ഐ. സ്റ്റോഴ്സ് ആന്റ് ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം' നടപ്പിലാക്കുന്നതാണ്. എന്റെ സർക്കാർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൻകീഴിൽ സംസ്ഥാനത്തെ ആദ്യത്തെ സേഫ്റ്റി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇൻഡസ്ട്രിയൽ ഹൈജീൻ ലബോറട്ടറിയെ ഒരു ദേശീയ ലബോറട്ടറിയുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതാണ്. വ്യാവസായിക പരിശീലന വകുപ്പിന്, നൂതന വൈദഗ്ദ്ധ്യ വികസന സംരംഭങ്ങൾ ഏറ്റെടുക്കുന്നതിനും ഭാഷാ ന്യൂനപക്ഷ മേഖലകളിൽ പുതിയ ഐ.റ്റി.ഐ-കൾ സ്ഥാപിക്കുന്നതിനും ഉയർന്നുവരുന്ന വിജ്ഞാനമണ്ഡലത്തിൽ സംസ്ഥാനത്തിന്റെ ശേഷി ഫലപ്രദമായി വിനിയോഗിക്കുന്നതിനുമായി പരിശീലനം നേടുന്നവർക്കായി ഒരു 'കരിയർ ഡെവലപ്മെന്റ് മിഷൻ' ആരംഭിക്കുന്നതിനും ഉത്കർഷമായ പദ്ധതികൾ ഉണ്ട്. ഐ.റ്റി.ഐ-കളിൽ, തൊഴിലവസരങ്ങളും വിപണിയിലെ ആവശ്യകതയും അടിസ്ഥാനമാക്കി പുതിയ ട്രേഡുകൾ ആരംഭിക്കുന്നതാണ്.

36. 'സ്കിൽ സ്പെസിഫിക് ട്രെയിനിഗും' 'പ്ലേസ്മെൻറ് സെന്ററുകളും' ആരംഭിക്കുന്നതിൽ 'കേരള അക്കാദമി ഓഫ് സ്കിൽ എക്സലൻസ്' പുരോഗതി കൈവരിച്ചിട്ടുണ്ട്. ഗൾഫിൽ നിന്നും മടങ്ങിവരുന്നവരുടെ വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തി പരിശീലകരുടെ ഒരു വിദഗ്ദ്ധസംഘം രൂപീകരിക്കുന്നതാണ്. അസംഘടിത മേഖലയിൽ താഴ്ന്ന വരുമാനമുള്ള ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന പ്രവാസികളുടെ താൽപര്യം സംരക്ഷിക്കുന്നതിനും തത്വദീക്ഷയില്ലാത്ത ഇടനിലക്കാരാൽ അവർ ചൂഷണം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും എന്റെ സർക്കാർ വിദേശകാര്യ മന്ത്രാലയവും പ്രവാസികാര്യ മന്ത്രാലയവുമായി ചേർന്ന് പ്രവർത്തിക്കുന്നതാണ്.

37. സർക്കാർ ആശുപത്രികളിൽ, 18 വയസ്സിന് താഴെ പ്രായമുള്ളവർക്ക് സൗജന്യ ചികിത്സയുടെ പ്രയോജനം ലക്ഷ്യമാക്കി 'ആരോഗ്യ കിരണം' എന്ന ഒരു പരിപാടി ആരംഭിച്ചിട്ടുണ്ട് എന്ന് ഈ സഭയെ അറിയിക്കുന്നതിൽ എന്റെ സർക്കാരിന് സന്തോഷമുണ്ട്. എല്ലാ രോഗാവസ്ഥകളിലും സൗജന്യ ചികിത്സ വാഗ്ദാനം ചെയ്യുന്ന പരിപാടിയായ ഭാരത സർക്കാരിന്റെ 'രാഷ്ട്രീയ ബാലസ്വാസ്ഥ്യ കാര്യക്രമിന്റെ' (RBSK) നൂതനവും മെച്ചപ്പെടുത്തിയതുമായ പതിപ്പാണ് ഇത്. പാവപ്പെട്ടവരുടെ ആരോഗ്യപരിരക്ഷാ ചെലവിന്റെ ഭാരം ലഘൂകരിക്കുന്നതിനായി 800-ലധികം സൗജന്യ ജനറിക് മരുന്നുകളുടെ വിതരണം എന്റെ സർക്കാർ ആരംഭിച്ചിട്ടുണ്ടെന്നുള്ളത് അതിന്റെ പ്രഥമ നേട്ടങ്ങളിൽ ഒന്നുകൂടിയാണ്. ഗർഭിണികൾക്കും നവജാത ശിശുക്കൾക്ക് ഒരു വയസ്സുവരെയും സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയായ 'ജനനി-ശിശു സുരക്ഷാ കാര്യക്രം'-ന് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ട്.

38. എല്ലാ പ്രധാന സർക്കാർ ആശുപത്രികളിലും എല്ലാ നവജാത ശിശുക്കളിലെയും പലവിധ അപര്യാപ്തതകൾ പരിശോധിക്കുന്നതിനായി എന്റെ സർക്കാർ ഒരു നൂതന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ലഹരി വിമുക്ത കേന്ദ്രങ്ങളും പുകയില വിരുദ്ധ പ്രവർത്തനങ്ങളും പുകയിലയുടെ ഉപയോഗം നിർത്തലാക്കൽ ക്ലിനിക്കുകളും ആരംഭിച്ചിട്ടുണ്ട്. ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും 27 പുതിയ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ടൈപ്പ്-2 പ്രമേഹം നിയന്ത്രിക്കുന്നതിന് 'ജീവനി' (Jeevani), സ്കൂൾ വിദ്യാർത്ഥികളിലെ മയോപ്പിയ ചികിത്സിക്കുന്നതിന് 'ദൃഷ്ടി' (Drishti), കാർഡിയോ വാസ്കുലർ ആക്സിഡന്റ്

മുഖേനയുള്ള സങ്കീർണ്ണതകൾ നിയന്ത്രിക്കുന്നതിന് 'പുനർനവ' (Punarnava) എന്നീ മൂന്ന് വിവിധോദ്ദേശ്യ പദ്ധതികൾ കൂടി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും 'അസിസ്റ്റഡ് റീപ്രൊഡക്ടീവ് ട്രീറ്റ്മെന്റ്' (Assisted Reproductive Treatment) നടപ്പിലാക്കുന്നതിനായി 'റീപ്രൊഡക്ടീവ് മെഡിസിൻ ഡിപ്പാർട്ട്മെന്റുകൾ' (Reproductive Medicine Departments) തുടങ്ങുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. നട്ടെല്ലിനുണ്ടാകുന്ന ക്ഷതങ്ങൾക്ക് അടിയന്തിരവും ഫലപ്രദവുമായ പരിചരണം ഉറപ്പുവരുത്തുന്നതിന് എല്ലാ മെഡിക്കൽ കോളേജുകളിലും ഈ വർഷം 'റീജിയണൽ സ്പൈനൽ ഇൻജുറി യൂണിറ്റുകൾ' (Regional Spinal Injury Units) സ്ഥാപിക്കുന്നതാണ്.

39. മെഡിക്കൽ കോളേജുകൾ ഇല്ലാത്ത ഒൻപത് ജില്ലകളിൽ എട്ടിലും മെഡിക്കൽ കോളേജുകൾ തുടങ്ങുന്നതിന് എന്റെ സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്തെ ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ സർക്കാരിന്റെ മറ്റൊരു തിളക്കമാർന്ന നേട്ടമാണ്. സംസ്ഥാനത്ത് ക്യാൻസറിന്റെ ഉയർന്ന തോതിലുള്ള വർദ്ധനവ് തടയുന്നതിന്റെ ആവശ്യകത കണക്കിലെടുത്ത് സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും 'ടെർഷ്യറി ക്യാൻസർ കെയർ' (tertiary cancer care) എത്തിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലെയും സർജിക്കൽ ഓങ്കോളജി, റേഡിയോതെറാപ്പി, റേഡിയേഷൻ ഫിസിക്സ് എന്നീ വകുപ്പുകളെ സംയോജിപ്പിക്കുന്നതും അവയെ മിനി ആർ.സി.സി.കളായി ഉയർത്തുകയും ചെയ്യുന്നതാണ്. വൃക്കസംബന്ധമായ പ്രശ്നങ്ങളുള്ള വർദ്ധിച്ചുവരുന്ന രോഗികളുടെ ആവശ്യം ഫലപ്രദമായി നിറവേറ്റുന്നതിന്

എല്ലാ താലൂക്ക് ആശുപത്രികളിലും ഒരു ഡയാലിസിസ് യൂണിറ്റിൽ ഏറ്റവും കുറഞ്ഞത് പത്ത് കിടക്കകളോടുകൂടിയ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തിരുവനന്തപുരത്തെ സർക്കാർ ഹോമിയോപ്പതി കോളേജിന്റെ പദവി ഉയർത്തിക്കൊണ്ട് സംസ്ഥാനത്ത് ഒരു ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോമിയോപ്പതി തുടങ്ങുന്നതാണ്. ഒരു സമഗ്ര പൊതുജനാരോഗ്യനയം ആവിഷ്ക്കരിക്കുന്നതിന് എന്റെ സർക്കാർ പരിശ്രമിക്കുന്നതാണ്.

40. എന്റെ സർക്കാർ, പാവപ്പെട്ടവരോടും പീഡിതരോടും കാണിച്ചിട്ടുള്ള പരിഗണനയിലും പ്രതിബദ്ധതയിലും ന്യായമായും അഭിമാനം കൊള്ളുന്നു. ഈ പരിപാടികളുടെ നേതൃത്വം വഹിക്കുന്നത് സാമൂഹ്യനീതി വകുപ്പാണ്, കൂടാതെ, ഈ കരുതലിന്റെയും അനുകമ്പയുടെയും ഏറ്റവും ദൃശ്യമായ മുഖവും ഈ വകുപ്പിന്റേത് തന്നെയാണ്. എന്റെ സർക്കാർ, സംയോജിത ശിശുവികസന സേവന പദ്ധതിയെ (ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവ്വീസസ്) ഉടച്ചു വാർക്കുന്ന പ്രക്രിയയിലാണ്. ഐ.സി.ഡി.എസ്. (ICDS) നടപ്പാക്കുമ്പോഴുള്ള പദ്ധതി നിർവ്വഹണത്തിലെ പോരായ്മകളും പ്രായോഗിക പ്രശ്നങ്ങളും പരിഹരിക്കുന്നതിലേയ്ക്കായി ഒരു ഐ.സി.ഡി.എസ്. (ICDS) മിഷൻ സ്ഥാപിക്കുന്നതാണ്. അങ്കണവാടികളെ മതിയായ അടിസ്ഥാന സൗകര്യത്തോടും മാനവവിഭവശേഷിയോടും കൂടിയ ഊർജ്ജസ്വലതയുള്ള ആദ്യശൈശവകാല പരിചരണത്തിനും വിദ്യാഭ്യാസത്തിനുമുള്ള കേന്ദ്രങ്ങളാക്കി മാറ്റിയെടുക്കുന്നതാണ്. എല്ലാ മാതൃകാ അങ്കണവാടികളുടെയും നിർമ്മാണം വരുന്ന വർഷം പൂർത്തിയാക്കുന്നതാണ്.

41. കുട്ടികളിലെ പോഷകാഹാരക്കുറവ് സംബന്ധിച്ച നിരവധി സംഭവങ്ങൾ അട്ടപ്പാടിയിൽ നിന്നും റിപ്പോർട്ടു ചെയ്തത് കണക്കിലെടുത്ത്, കുഞ്ഞിന്റെ ആദ്യത്തെ ആയിരം ദിവസങ്ങളിലൂടെ കുഞ്ഞിന്റെയും അമ്മയുടെയും പോഷകാഹാര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അട്ടപ്പാടിയിൽ പോഷകാഹാര പരിപാടിയുടെ ഗതിവേഗം ത്വരിതപ്പെടുത്തുന്ന (Accelerated Nutrition Programme) ഒരു പദ്ധതി നടപ്പിലാക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

42. സർക്കാരിന്റെ പ്രധാന സാമൂഹ്യ സുരക്ഷാ ഉദ്യമങ്ങൾക്കായുള്ള ഫണ്ട് സ്വരൂപിക്കുന്നതിലേയ്ക്കായി 'വീ കെയർ' (We Care) പദ്ധതി ആരംഭിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. 'വീ കെയർ' പദ്ധതിയിൻകീഴിൽ ഫേമുകളെ പട്ടികയിൽപ്പെടുത്തുന്നതും വിവിധങ്ങളായ ഫണ്ടുകൾ സ്വരൂപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിനും രൂപം നൽകുന്നതിനും നടപ്പാക്കുന്നതിനുമുള്ള ഉത്തരവാദിത്വം ഈ ഫേമുകളെ ഏൽപ്പിക്കുന്നതുമാണ്. . വരുന്ന വർഷം ഏറ്റെടുക്കുന്ന മറ്റൊരു പ്രധാന ഉദ്യമം, വിവിധ ക്ഷേമ പദ്ധതികൾക്ക് കീഴിൽ വരുന്ന ഗുണഭോക്താക്കളെ സംരക്ഷിക്കുന്നതിനായി സന്നദ്ധ പരിചരണ പ്രവർത്തകരുടെ (Voluntary Care Workers) ഒരു സേന രൂപീകരിക്കുക എന്നതായിരിക്കുന്നതാണ്. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവര-സഹായ കേന്ദ്രങ്ങളും ഹെൽപ്പ് ഡെസ്ക്കുകളും തുറക്കുന്നതാണ്.

43. എന്റെ സർക്കാർ, സ്പെഷ്യൽ ഇനിഷ്യേറ്റീവ് ഫോർ ഡിസെബിലിറ്റീസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം, വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനായി

അത്യാധുനിക സംവിധാനങ്ങളുള്ള ഉപകരണങ്ങൾ ആശുപത്രികൾക്ക് വിതരണം ചെയ്യുന്നതാണ്. എല്ലാ ജില്ലകളിലും, വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള കേന്ദ്രങ്ങൾ (Early Detection Centre for Disabilities) സ്ഥാപിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പും ആരോഗ്യ വകുപ്പും യോജിച്ച് പ്രവർത്തിക്കുന്നതാണ്. രാജ്യത്തിനാകെ മാതൃകയായ കോക്ലിയർ ഇംപ്ലാന്റേഷൻ പരിപാടി മുഖേന ശ്രവണ വൈകല്യമുള്ള ഇരുനൂറ് കുട്ടികൾക്ക്കൂടി ഈ സഹായം എത്തിക്കുന്നതാണ്. എന്റെ സർക്കാർ, ഒരു സർക്കാരിതര സംഘടനാനയം (NGO Policy) പ്രഖ്യാപിക്കുകയും അതുപ്രകാരം, സംസ്ഥാനം അംഗീകൃത എൻ.ജി.ഒ-കളുമായി സഹകരിച്ചുകൊണ്ട് എല്ലാ ജില്ലകളിലും വയോധികർക്കും അംഗവൈകല്യമുള്ളവർക്കും അനാഥർക്കും മാനസികരോഗമുള്ളവർക്കുമായി സദനങ്ങൾ നടത്തുന്നതാണ്. തിരുവനന്തപുരത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗിനെ ഒരു സർവ്വകലാശാലയാക്കി മാറ്റുന്നതിനുള്ള ബിൽ ഈ മഹനീയ സഭയിൽ ഉടൻ അവതരിപ്പിക്കുന്നതാണ്. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ പ്രധാനമായും ഊന്നൽ നൽകുന്ന മേഖലകളിൽ ഒന്നായി ഭിന്നശേഷിയുള്ളവർക്ക് മോട്ടോർ സ്കൂട്ടർ വിതരണം ഏറ്റെടുക്കുന്നതാണ്.

44. എന്റെ സർക്കാർ, സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസത്തിന് തുടർന്നും പ്രാധാന്യം നൽകുന്നതാണ്. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്ക്, അവരുടെ മുന്നിലുള്ള വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് അവരെ കൂടുതൽ സജ്ജരാക്കുന്നതിന് സ്കൂളുകളിൽ ലൈഫ് സ്കിൽ വിദ്യാഭ്യാസം പകർന്നുനൽകുന്നതിനും കൂടുതൽ ഊന്നൽ നൽകുന്നതാണ്. പ്രത്യേക പരിഗണന ആവശ്യമായ കുട്ടികളുടെ പഠനത്തിന്

കൂടുതൽ പ്രാധാന്യം നൽകുന്നതാണ്. സ്കൂളുകളിലെ ലോവർ പ്രൈമറി തലത്തിൽ നിന്നുതന്നെ പ്രതിഭാധനരായ കുട്ടികളെ കണ്ടെത്തുന്നതിനും അവരെ ചാമ്പ്യന്മാരാക്കിയെടുക്കുന്നതിനുമുള്ള ഒരു 'ടാലന്റ് ഹണ്ട്'-ന് സ്കൂളുകളിൽ തുടക്കം കുറിക്കുന്നതാണ്. വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനും ഐ.സി.റ്റി. (ICT) അധിഷ്ഠിത വിദ്യാഭ്യാസത്തിനും പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട് ഐ.റ്റി. @ സ്കൂൾ പദ്ധതി ഹയർസെക്കൻഡറി സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. 1000 സർക്കാർ സ്കൂളുകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കളകൾ സ്ഥാപിക്കുന്നതാണ്. 270 സർക്കാർ ഹയർസെക്കൻഡറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം എന്റെ സർക്കാർ ഏറ്റെടുക്കുന്നതാണ്. പെൺകുട്ടികൾക്കായി സ്വയംപ്രതിരോധ പരിശീലനം 38 സർക്കാർ ഹയർസെക്കൻഡറി സ്കൂളുകളിൽ ഏർപ്പെടുത്തുന്നതാണ്. പ്രൈമറി വിദ്യാഭ്യാസ തലത്തിൽ, അദ്ധ്യാപക പരിശീലനത്തിനും റിസോഴ്സ് അദ്ധ്യാപകർക്കായുള്ള പരിശീലനത്തിനും എസ്.എസ്.എ. ഉദ്യോഗസ്ഥരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. 100 വിദ്യാർത്ഥികളുള്ള യു.പി. സ്കൂളുകളിലും 150 വിദ്യാർത്ഥികളുള്ള എൽ.പി. സ്കൂളുകളിലും ഒരു ഹെഡ് ടീച്ചറെ ഏർപ്പെടുത്തുന്നതാണ്. 2014-15 അദ്ധ്യയന വർഷത്തിൽ, തിരഞ്ഞെടുക്കപ്പെട്ട ക്ലാസ്സുകളിലേയ്ക്കായി പരിഷ്കരിച്ച പാഠ്യപദ്ധതിയും ടെക്സ്റ്റ് ബുക്കുകളും നടപ്പിൽ വരുത്തുന്നതും അതിനുശേഷം, രണ്ടു വർഷത്തിനുള്ളിൽ മറ്റു ക്ലാസ്സുകളിലെ പാഠ്യപദ്ധതിയും ടെക്സ്റ്റ് ബുക്കുകളുംകൂടി പരിഷ്ക്കരിയ്ക്കുന്നതുമാണ്. പ്രീ-പ്രൈമറി ക്ലാസ്സുകളിലേയ്ക്കായി പരിഷ്ക്കരിച്ച പാഠ്യപദ്ധതി കൊണ്ടുവരുന്നതാണ്. സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായത്തിന് ആവശ്യമായ എല്ലാവിധ സാങ്കേതിക സഹായവും 'സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ്' (SIEMAT) നൽകുന്നതാണ്.

45. അട്ടപ്പാടി ഗോത്രവർഗ്ഗ മേഖലയ്ക്കുവേണ്ടി ഒരു അനൗപചാരിക പ്രത്യേക വിദ്യാഭ്യാസ പരിപാടിയായ 'നവജ്യോതി' (NAVA JYOTHY), സാക്ഷരതാ പരിപാടിയുടെ രണ്ടാം ഘട്ടമായ 'അക്ഷരലക്ഷം', സമ്പൂർണ്ണ പ്രൈമറി വിദ്യാഭ്യാസ പരിപാടിയുടെ രണ്ടാംഘട്ടമായ 'അതുല്യം' എന്നിവ നടത്തുന്നതിന് കേരള സംസ്ഥാന സാക്ഷരതമിഷൻ അതോറിറ്റി പദ്ധതിയിടുന്നു. ഒരു ഹയർസെക്കൻഡറി ഇക്വിവലൻസി പ്രോഗ്രാം അതോറിറ്റി വാഗ്ദാനം ചെയ്യുന്നതാണ്.

46. നമ്മുടെ എല്ലാ ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കും പ്രവേശന പരീക്ഷകളിൽ ന്യായവും തുല്യവുമായ അവസരം ലഭിക്കുന്നതിന് വേണ്ടി 'വിക്ടേഴ്സ്' ചാനലിലൂടെ സംപ്രേഷണം ചെയ്തു വരുന്ന പൊതു പ്രവേശന പരീക്ഷാ പരിശീലന പദ്ധതി (PEECS) പ്രകാരമുള്ള ക്ലാസ്സുകൾ വളരെയധികം വിജയകരമാണെന്ന് കണ്ടിട്ടുള്ളതും ആ പോർട്ടലിൽ 1.82 ലക്ഷം വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

47. നമ്മുടെ വിദ്യാർത്ഥികൾക്ക് അവരുടെ ഉന്നതവിദ്യാഭ്യാസത്തിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുമെന്ന് എന്റെ സർക്കാർ ദൃഢനിശ്ചയം എടുത്തിട്ടുണ്ട്. ഈ പദ്ധതി കാലയളവിൽ മൊത്തം എൻറോൾമെന്റ് അനുപാതം 5% പോയിന്റ് ആയി ഉയർത്തുന്നതിൽ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസരംഗത്ത് വഴിത്തിരിവായ ഒരു വർഷമാണിത്. ഒരു സർക്കാർ കോളേജോ ഒരു എയ്ഡഡ് കോളേജോ ഇല്ലാത്ത എല്ലാ നിയമസഭാ നിയോജക മണ്ഡലങ്ങളിലും ഒരു സർക്കാർ കോളേജ് തുടങ്ങുക എന്ന ചരിത്രപരവും ധീരവുമായ നയം എന്റെ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

48. ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസത്തിന്, വിശാല അടിത്തറയുണ്ടാക്കുന്നതിന് വിദ്യാഭ്യാസ സ്വയംഭരണം നിർണ്ണായകമാണെന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നു. ഇതിലേയ്ക്കായി സ്വയംഭരണം സംബന്ധിച്ച ഡോ. മാധവമേനോൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി സർവ്വകലാശാലാ ആക്റ്റുകൾ ഭേദഗതി ചെയ്യുന്നതിനായി ഒരു ഓർഡിനൻസ് വിളംബരപ്പെടുത്തിയിട്ടുണ്ട്. അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു നടപടി എന്ന നിലയിൽ കേരള, കോഴിക്കോട്, കണ്ണൂർ എന്നീ സർവ്വകലാശാലകൾക്ക് കീഴിലുള്ള മൂന്നു സർക്കാർ കോളേജുകളിൽ ത്രിവത്സര ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ യുവ അദ്ധ്യാപകർക്ക് വളരെ സ്വീകാര്യമായിത്തീർന്നിട്ടുള്ള 'ഫോസ്റ്ററിംഗ് ലിങ്കേജസ് വിത്ത് അക്കാഡമിക് ഇന്നൊവേഷൻ ആന്റ് റിസർച്ച്' (FLAIR) എന്ന പരിപാടി എയ്ഡഡ് കോളേജുകളിലേയ്ക്കും കൂടി വ്യാപിപ്പിയ്ക്കുന്നതാണ്.

49. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ, വിദ്യാഭ്യാസ പരിഷ്ക്കരണത്തിനുള്ള അതിന്റെ വിവിധ ഉദ്യമങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ചുവരുന്നു. എന്റെ സർക്കാർ, സ്റ്റേറ്റ് അസ്സസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ സ്ഥാപിക്കുന്നതിനുള്ള നടപടികളിലാണ്. അന്താരാഷ്ട്ര സഹകരണത്തിനായുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനായി ബഹുരാഷ്ട്ര വിദ്യാഭ്യാസത്തെ സംബന്ധിച്ച ഒരു അന്താരാഷ്ട്ര സമ്മേളനം 2014 ജനുവരിയിൽ ഈ കൗൺസിൽ സംഘടിപ്പിക്കുന്നതാണ്. സർവ്വകലാശാലകൾക്കും കോളേജ് വിദ്യാഭ്യാസ-സാങ്കേതിക വിദ്യാഭ്യാസ വകുപ്പുകൾക്കുമായുള്ള അഭിമാനാർഹമായ ഇ-ഗവേർണൻസ് പദ്ധതി 2015-ൽ കമ്മീഷൻ ചെയ്യുന്നതാണ്.

50. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ, പുതിയ ഹെറിറ്റേജ് മോഡൽ റഫറൻസ് ബ്ലോക്ക് വരുന്നവർഷം പൂർത്തിയാക്കുന്നതാണ്. കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിലെ പ്ലാനെറ്റേറിയം 12 കോടി രൂപ ചെലവിൽ ആധുനികവൽക്കരിക്കുന്നതാണ്. കോട്ടയത്ത്, കേരള സയൻസ് സിറ്റി ഉടൻ ഉദ്ഘാടനം ചെയ്യുന്നതാണ്. ചാലക്കുടിയിലെ പ്രാദേശിക ശാസ്ത്ര കേന്ദ്രം (Regional Science Centre) പൊതുജനങ്ങൾക്കായി ഈ വർഷം തുറന്നുകൊടുക്കുന്നതാണ്. സിവിൽ സർവ്വീസസ് പരീക്ഷകൾക്കുള്ള ഉത്തമ പരിശീലന സ്ഥാപനം എന്ന നിലയിൽ കേരള സംസ്ഥാന സിവിൽ സർവ്വീസ് അക്കാദമി ശ്ലാഘനീയമായ ഖ്യാതി നേടിയിട്ടുണ്ട്. പാലക്കാടും കോഴിക്കോടും രണ്ട് ഉപകേന്ദ്രങ്ങൾ കൂടി ഉടൻ പ്രവർത്തന സജ്ജമാക്കുന്നതാണ്.

51. എന്റെ സർക്കാരിന്റെ സർവ്വസമ്മതി നേടിയ വൈദഗ്ദ്ധ്യ പദ്ധതിയായ 'അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം' (ASAP) സംസ്ഥാനത്തെ 450 ഹയർസെക്കൻഡറി സ്കൂളുകളിലേയ്ക്കും കോളേജുകളിലേയ്ക്കുമായി വ്യാപിപ്പിച്ചു വരുന്നു. എ. എസ്. എ. പി.യുടെ കീഴിൽ ഇരുപത്തിനാല് വ്യവസായ പങ്കാളികളുമായി സഹവർത്തിത്വത്തിൽ ഏർപ്പെടുവാൻ എന്റെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പരിപാടിക്കുവേണ്ടി ഏഷ്യൻ വികസന ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള ഒരു നിർദ്ദേശം എന്റെ സർക്കാർ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം, ഓരോ നിയമസഭാ നിയോജക മണ്ഡലത്തിലും ഓരോന്നു വീതം 140 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നതാണ്. ഏതൊരു സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്കും സ്കിൽ കോഴ്സുകൾക്ക് പ്രവേശനം സാദ്ധ്യമാകുംവിധം ഇരുപത്തിനാലുമണിക്കൂറും പ്രവർത്തിക്കുന്ന

കേന്ദ്രങ്ങളായി (24 ×7സെന്ററുകൾ) ഈ പാർക്കുകൾക്ക് രൂപം നൽകുന്നതാണ്. സംസ്ഥാനത്ത് ഒരു നാഷണൽ സ്കിൽസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

52. ജസ്റ്റിസ് സച്ചാർ കമ്മീഷൻ റിപ്പോർട്ടിലെ വിശദമായ ശുപാർശകളുടെ അടിസ്ഥാനത്തിൽ മലപ്പുറത്ത് 'എൽ.ബി.എസ്. ഇൻറ്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി' സ്ഥാപിക്കുന്നതിന് എന്റെ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തിരുവനന്തപുരം എൻജിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്കിന്റെ നിർമ്മാണം 2014-ൽ തുടങ്ങുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ടെക്നിക്കൽ ഹൈസ്കൂളുകളിലും പോളിടെക്നിക്കുകളിലും ആരംഭിക്കുന്ന 'നാഷണൽ വൊക്കേഷണൽ എഡ്യൂക്കേഷൻ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക്-ന്റെ' (NVEQF) ആദ്യഘട്ടത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. ബാർട്ടൺഹില്ലിലുള്ള സർക്കാർ എൻജിനീയറിംഗ് കോളേജിൽ ഓട്ടോമോട്ടീവ് മെക്കാട്രോണിക്സിൽ അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിനായി മെസ്സേഴ്സ് മേഴ്സിഡസ് ബെൻസ് ഇന്ത്യയുമായി എന്റെ സർക്കാർ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിൽ ഓട്ടോമേഷൻ ടെക്നോളജിയിൽ ഒരു 'സെന്റർ ഓഫ് എക്സലൻസും' കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജിൽ ഓട്ടോമേഷൻ ടെക്നോളജിയിൽ ഒരു 'സെന്റർ ഓഫ് കോമ്പിറ്റൻസ്'-ഉം സ്ഥാപിക്കുന്നതിനായി മെസ്സേഴ്സ് ബോഷ് റെക്സ്റോത്തുമായി എന്റെ സർക്കാർ ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

53. കൊളംബിയ സർവ്വകലാശാലയുടെയും കാനഡയിലെ മോൺട്രിയൽ സർവ്വകലാശാലയുടെയും സഹകരണത്തോടുകൂടി ബാർട്ടൺ ഹില്ലിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ 'ട്രാൻസ്‌ലേഷണൽ എഞ്ചിനീയറിംഗിൽ' ഒരു ദ്വിവത്സര മാസ്റ്റേഴ്സ് പ്രോഗ്രാം ആരംഭിക്കുന്നതാണ്. അഞ്ച് ജോഡി സർക്കാർ പോളിടെക്നിക്കുകളെയും ആർട്സ് ആന്റ് സയൻസ് കോളേജുകളെയും ബന്ധിപ്പിച്ചുകൊണ്ട് ആറ്റിങ്ങൽ, കോട്ടയം, പെരിന്തൽമണ്ണ, തൃശ്ശൂർ, ഷൊർണ്ണൂർ എന്നിവിടങ്ങളിൽ പുതിയ കമ്മ്യൂണിറ്റി കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന് ഭാരത സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

54. സർക്കാർ ഉദ്യോഗത്തിന് അപേക്ഷിക്കുന്നതിനായി ഒരു അപേക്ഷകന് വേണ്ടതായ അടിസ്ഥാന കംപ്യൂട്ടർ വൈദഗ്ധ്യം പരിശോധിക്കുന്നതിനായി കംപ്യൂട്ടർ ആപ്ലിക്കേഷൻ യോഗ്യതാ പരീക്ഷ (CAET) എന്ന ഓൺലൈൻ പരീക്ഷ നടത്തുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

55. കോട്ടയത്ത്, കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ ആർട്ട്സ് ആന്റ് സയൻസ് ഉദ്ഘാടനം ചെയ്യപ്പെടുന്നതും, അടുത്ത അദ്ധ്യായനവർഷം മുതൽ ക്ലാസ്സുകൾ ആരംഭിക്കുന്നതുമാണ്. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതികവിദ്യ-പരിസ്ഥിതി കൗൺസിൽ, നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അടിസ്ഥാന ശാസ്ത്ര വിഷയങ്ങളിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി ആരംഭിച്ചിട്ടുണ്ട്. ഇൻഡ്യൻ ഗണിതശാസ്ത്ര രംഗത്തെ മഹാപ്രതിഭയായ ശ്രീനിവാസ രാമാനുജന്റെ സ്മരണാർത്ഥം നാമകരണം ചെയ്യപ്പെട്ട അടിസ്ഥാന ശാസ്ത്ര ഇൻസ്റ്റിറ്റ്യൂട്ട് (Institute of Basic Science) നോബൽ സമ്മാന ജേതാവായ ഇസ്രായേലി പ്രൊഫസർ ആദാ യോനാത് (Professor Ada Yonath) ഔപചാരികമായി ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

ഭാരത സർക്കാരിന്റെ ശാസ്ത്ര സാങ്കേതികവിദ്യാ വകുപ്പുമായുള്ള പങ്കാളിത്തത്തോടുകൂടി ഒരു കേന്ദ്ര-സംസ്ഥാന സാങ്കേതികവിദ്യ പങ്കാളിത്ത ഇൻസ്റ്റിറ്റ്യൂട്ട് (Institute of Centre-State Technology Partnership) ആരംഭിച്ചിട്ടുണ്ട്. എന്റെ സർക്കാർ, കോഴിക്കോടുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ സഹകരണത്തോടുകൂടി അന്ധർക്കും ശ്രവണ വൈകല്യമുള്ളവർക്കും മറ്റു ശാരീരിക വൈകല്യമുള്ളവർക്കും മാത്രമായി 'അസിസ്റ്റീവ് ടെക്നോളജി'ക്കായുള്ള ഒരു പുതിയ കേന്ദ്രം സ്ഥാപിക്കുന്നതാണ്.

56. സർക്കാരിന്റെ വന നയത്തിന്റെ മുഖ്യ കേന്ദ്രമായ വനങ്ങളുടെ അഭിവൃദ്ധി, സംരക്ഷണം, പുനരുജ്ജീവനം, ദുർബല പരിസ്ഥിതി വ്യവസ്ഥയുടെ സംരക്ഷണം, ആവാസ വ്യവസ്ഥയുടെ പങ്കാളിത്ത പരിപാലനം എന്നിവയിൽ എന്റെ സർക്കാർ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. വനംവകുപ്പിൽ ട്രൈബൽ വാച്ചർമാരുടെ 700 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വനങ്ങൾക്കുള്ളിൽ ജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി 100 തടയണകൾ നിർമ്മിക്കുന്നതാണ്. കോന്നിയിലും ശെന്തുരുണിയിലും പുതിയ ഇക്കോ-ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

57. ഗോത്രവർഗ്ഗക്കാർക്ക് വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യ വികസന പരിശീലനം നൽകി വനത്തെ പൂർണ്ണമായും ആശ്രയിക്കുന്നതിൽ നിന്നും അവരെ ക്രമേണ മാറ്റിയെടുക്കുന്നതാണ്. വനങ്ങളിൽ താമസിക്കുന്ന പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള യുവാക്കൾക്ക് പരിശീലനം നൽകുന്നതും അവരെ ഇക്കോ-ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് ഗൈഡുകളായി നിയോഗിക്കുന്നതുമാണ്. ഇപ്പോൾ കേന്ദ്ര സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായം ലഭിക്കുന്നത് സംരക്ഷിത മേഖലയിലെ വന്യജീവികളുടെ സംരക്ഷണത്തിനുമാത്രമാണെങ്കിലും എന്റെ സർക്കാർ സംരക്ഷിത മേഖലയ്ക്ക് പുറത്തുള്ള വന്യജീവികളെ കൂടി സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും പ്രത്യേക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നു. നിലവിലുള്ള

113 ഫോറസ്റ്റ് സ്റ്റേഷനുകളിൽ 20 എണ്ണത്തിനെ മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകളാക്കി വികസിപ്പിക്കുന്നതും പുതിയ 10 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതുമാണ്. മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം കുറയ്ക്കുന്നതിന്റെ ഭാഗമായി, വനപ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന കൃഷിഭൂമികളുടെ ഉടമസ്ഥർക്ക് വൈദ്യുത വേലികൾ സ്ഥാപിക്കുന്നതിനായി സബ്സിഡി നൽകിക്കൊണ്ട് കൂട്ടായ സമീപനം സ്വീകരിക്കുന്നതാണ്.

58. മതിയായ ഊർജ്ജ ലഭ്യതയില്ലാതെ ഒരു സംസ്ഥാനത്തിന്റെ വികസന അഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കാൻ കഴിയുകയില്ല എന്ന വസ്തുതയിൽ എന്റെ സർക്കാരിന് അതിയായ ബോധ്യമുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മുടെ വൈദ്യുതോല്പാദനശേഷിയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ലായെന്ന ദൗർഭാഗ്യകരമായ വസ്തുത നിലനിൽക്കുകയാണ്. കൊച്ചിയിൽ എൽ.എൻ.ജി. ടെർമിനൽ ഇപ്പോൾ യാഥാർത്ഥ്യമായതോടുകൂടി പ്രകൃതിവാതകം ഉപയോഗിച്ചുകൊണ്ടുള്ള ഊർജ്ജ ഉത്പാദനത്തിനുള്ള സാധ്യത തെളിഞ്ഞിരിക്കുകയാണ്. പ്രകൃതിവാതകം ഉപയോഗിച്ച് പ്രവർത്തിക്കുന്ന 400 മെഗാവാട്ടിന്റെ ഒരു വാതകാധിഷ്ഠിത പവർപ്ലാന്റ് കൂടി ബ്രഹ്മപുരത്ത് നിലവിലുള്ള താപോർജ്ജ പ്ലാന്റിനോട് ചേർന്ന് സ്ഥാപിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കൊച്ചിൻ റിഫൈനറിയുടെ എക്സ്പാൻഷൻ പ്രോജക്ടിൽ നിന്നുള്ള പെറ്റ്കോക്ക് ഉപയോഗപ്പെടുത്തിക്കൊണ്ട് കെ. എസ്. ഇ. ബി. (KSEB)-യും ഇൻകൽ (INKEL)-മായി ചേർന്ന് 500 മെഗാവാട്ടിന്റെ ഒരു പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

59. സംസ്ഥാനത്തിന്റെ പ്രകൃതിജന്യ ഊർജ്ജ സാദ്ധ്യത പ്രയോജനപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം എന്റെ സർക്കാർ തിരിച്ചറിയുന്നു. പുരോഗമിച്ചുകൊണ്ടിരിക്കുന്ന 13 പദ്ധതികൾ പൂർത്തിയാക്കുന്നതുവഴി ജലവൈദ്യുത ഉൽപ്പാദനശേഷി 178 മെഗാവാട്ട് (MW) അധികമായി വർദ്ധിപ്പിക്കുന്നതിന് കെ. എസ്. ഇ. ബി. പദ്ധതിയിടുന്നു. പാലക്കാട് 220 കെ. വി. (KV) സബ്സ്റ്റേഷനിൽ ലഭ്യമായിട്ടുള്ള സ്ഥലത്ത് 1 മെഗാവാട്ട് (MW) ഗ്രിഡ്ബന്ധിത സൗരോർജ്ജ പ്ലാന്റും, കെ. എസ്. ഇ. ബി. യുടെ കെട്ടിടങ്ങളുടെ മേൽക്കൂരപ്പുറത്ത് ലഭ്യമായ സ്ഥലത്ത് 1.4 മെഗാവാട്ട് (MW) ഗ്രിഡ്ബന്ധിത സൗരോർജ്ജ പ്ലാന്റും സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഗോത്ര വർഗ്ഗക്കാരെ പ്രതികൂലമായി ബാധിക്കാത്ത തരത്തിലും അവർക്ക് പ്രയോജനം ഉറപ്പാക്കിക്കൊണ്ടും രാമക്കൽമേട്ടിലും അട്ടപ്പാടിയിലും കാറ്റിൽ നിന്നുള്ള ഊർജ്ജ സാധ്യത പ്രയോജനപ്പെടുത്തുന്നതിന് എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്.

60. വൈദ്യുത പ്രസരണ മേഖലയിൽ, ഒരു 220 കെ. വി. (KV) സബ്സ്റ്റേഷനും ആറ് 110 കെ. വി. (KV) സബ്സ്റ്റേഷനുകളും പന്ത്രണ്ട് 33 കെ. വി. (KV) സബ്സ്റ്റേഷനുകളും നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. വിതരണ വിഭാഗത്തിൽ സേവനമേന്മ മെച്ചപ്പെടുത്തുന്നതിലായിരിക്കും ശ്രദ്ധകേന്ദ്രീകരിക്കുന്നത്. 2014–15 വർഷത്തേയ്ക്കുള്ള 'കപ്പാസിറ്റി അഡിഷൻ പ്ലാൻ'-ൽ 3000 കിലോമീറ്റർ 11 കെ. വി. (KV) ലൈനും 4560 കിലോമീറ്റർ എൽ. റ്റി. (LT) ലൈനും 4000 വിതരണ ട്രാൻസ്ഫോർമറുകളും 4500 കിലോമീറ്റർ സിംഗിൾ ഫെയ്സ് ത്രീ ഫെയ്സ് ആക്കി മാറ്റുന്നതും 5700 കിലോമീറ്റർ റീ-കൺഡക്റ്ററിംഗ് ജോലികളും (re-conductoring works) ഉൾപ്പെടുന്നു. ആവശ്യവും വിതരണവും

തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനും ഊർജ്ജ സംരക്ഷണ അവബോധം മെച്ചപ്പെടുത്തുന്നതിനും 'ഡിമാൻഡ് സൈഡ് മാനേജ്മെന്റ് പ്രവർത്തനങ്ങൾ' (Demand Side Management Activities) ഊർജ്ജസ്വലതയോടെ ഏറ്റെടുക്കുന്നതാണ്. ഊർജ്ജം ലാഭിക്കുന്ന ഉപഭോക്താക്കൾക്ക് പാരിതോഷികം നൽകുന്ന പദ്ധതിയായ ലാഭപ്രഭയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിന് കെ. എസ്. ഇ. ബി. (KSEB) ഉദ്ദേശിക്കുന്നു.

61. ഊർജ്ജവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ/അനുബന്ധ ഘടകങ്ങൾ നിർമ്മിക്കുന്നതിലും വിതരണം ചെയ്യുന്നതിലും ഊർജ്ജവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ സ്ഥാപിക്കുന്നതിലും ഏർപ്പെട്ടിരിക്കുന്ന സംസ്ഥാനത്തെ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2006-ലെ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി റഗുലേഷനിലെ വ്യവസ്ഥകൾ പാലിയ്ക്കുന്നതിനായി നിലവിലുള്ള ലബോറട്ടറികളെ നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബറേഷൻ ലബോറട്ടറി'-കളുടെ (NABL) നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതും വയനാട്, ഇടുക്കി, ആലപ്പുഴ ജില്ലകളിൽ പുതിയ റീജിയണൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതുമാണ്.

62. എന്റെ സർക്കാർ, വീടുകളിലും സ്ഥാപനങ്ങളിലും ഓഫ്ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ, ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ, സോളാർ ഹോം ലൈറ്റിംഗ് സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും ഗണ്യമായ തോതിൽ സൗരോർജ്ജ റാന്തലുകൾ വിതരണം ചെയ്യുന്നതിനും ഈ വർഷം ഉദ്ദേശിക്കുന്നു.

63. ജലവിഭവമേഖലയിലെ പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്റെ സർക്കാർ പ്രഥമ പരിഗണന നൽകുന്നു. പ്രധാന നദികളിൽ വെള്ളം പൊങ്ങുന്നതും ഉപ്പുവെള്ളം കയറുന്നതും നിയന്ത്രിക്കുന്നതിനായി ചിറകെട്ടുന്ന പദ്ധതികൾ (Flood Embankment Schemes), ചിറകളെ ബലപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ, വശങ്ങളിൽ നിന്നും മണ്ണിടിഞ്ഞ് നദിയുടെ അടിത്തട്ടിലേക്ക് വീഴുന്നത് തടയുന്നതിനായി സംരക്ഷണ ഭിത്തികളുടെ നിർമ്മാണം എന്നിവ വരുന്ന വർഷം ഏറ്റെടുക്കുന്നതാണ്. വേനൽക്കാലത്തേയ്ക്ക് വെള്ളം സംഭരിക്കുന്നതിനായി 4 നദികളിൽ ഒഴുകിവരുന്ന വെള്ളം സംഭരിക്കുന്ന ചെറിയ ജലസംഭരണികൾ (Run off River Mini Reservoir) നിർമ്മിക്കുന്നതാണ്. മലബാർ ജലസേചന പാക്കേജിൻ കീഴിൽ 209 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പരിപാലനത്തിനായി ഒരു പദ്ധതിയും വിഭാവനം ചെയ്യുന്നുണ്ട്. ഭൂജല വകുപ്പ്, ഈ വർഷം ഭൂജല സംരക്ഷണത്തിനായി 40 കൃത്രിമ റീ-ചാർജ്ജ് സ്ട്രക്ചറുകളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നു.

64. നബാർഡ് (NABARD)-ന്റെ കീഴിൽ 2 വൻകിട ജല വിതരണ പദ്ധതികൾ, എ. ആർ. പി./എൻ. ആർ. ഡി. ഡബ്ല്യു. പി. (ARP/NRDWP)-യുടെ കീഴിൽ 57 പദ്ധതികൾ, ടെക്നോളജി മിഷനുകീഴിൽ 5 പദ്ധതികൾ എന്നിവ മറ്റു പദ്ധതികളോടൊപ്പം കേരള ജല അതോറിറ്റി പൂർത്തിയാക്കുന്നതാണ്. കാൾ സെന്ററുകൾ, ഹെൽപ് ഡെസ്കുകൾ, എനി ടൈം പേയ്മെന്റ് മെസ്സേജ് സർവ്വീസുകൾ, ജി. പി. ആർ. എസ്. അധിഷ്ഠിത പാം ഹെൽഡ് മെഷീൻ എന്നിവയോടൊപ്പം ഒരു റവന്യൂ ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കുന്നത് കേരള

ജല അതോറിറ്റിയെ കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കാനുള്ള പദ്ധതികളുടെ ഭാഗമാണ്. കേരള ഗ്രാമീണ ജലവിതരണ-ശുചീകരണ ഏജൻസി 65 പഞ്ചായത്തുകളിലേയ്ക്കുകൂടി ജലനിധി പദ്ധതികൾ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

65. പോലീസ് ഉദ്യോഗസ്ഥർക്കായി ഒരു പുതിയ മെഡിക്കൽ-ആരോഗ്യ ഇൻഷുറൻസ് പദ്ധതി കൊണ്ടു വരുന്നതിന് എന്റെ സർക്കാർ ഉദ്ദേശിയ്ക്കുന്നു. എല്ലാ കക്ഷികളുടെയും പരസ്പര സമ്മതത്തോടുകൂടി വിവിധ തർക്കങ്ങൾ സൗഹാർദ്ദ പൂർവ്വം പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ തർക്ക പരിഹാര ഫോറങ്ങൾ സ്ഥാപിക്കുന്നതാണ്. പോലീസുദ്യോഗസ്ഥ രുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പ്രത്യേക ചികിത്സാ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കോട്ടയത്ത് 200 കിടക്കകൾ ഉള്ള ഒരു മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ സ്ഥാപിക്കു ന്നതാണ്. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസ് ഉദ്യോഗസ്ഥർ ഉണ്ടാകണമെന്നുള്ള നിയമ വ്യവസ്ഥ പാലിക്കു ന്നതിനായി 250 സബ് ഇൻസ്പെക്ടർമാരെയും 1000 വനിതാ പോലീസ് കോൺസ്റ്റബിൾമാരെയും നിയമിക്കുന്നതിനുള്ള ഒരു 'സ്പെഷ്യൽ റിക്രൂട്ടുമെന്റ് ഡ്രൈവ്' നടത്തുന്നതാണ്. കേരളത്തിലെ എല്ലാ മുനിസിപ്പൽ പട്ടണങ്ങളിലെയും നഗരങ്ങളിലെയും സുപ്രധാന കേന്ദ്രങ്ങളിൽ, കാര്യക്ഷമമായ രീതിയിൽ കുറ്റങ്ങൾ തെളിയിക്കുന്നതിനും എൻഫോഴ്സുമെന്റി നുമായി, 24 × 7 ഹൈടെക് സി. സി. റ്റി. വി. (CCTV) നിരീക്ഷണ സംവിധാനം സ്ഥാപിക്കുന്നതാണ്. പരക്കെ അംഗീകരിക്കപ്പെട്ട 'കമ്മ്യൂണിറ്റി പോലീസിംഗും', 'ജനമൈത്രി സുരക്ഷാ' പദ്ധതികളും 52 പോലീസ് സ്റ്റേഷനുകളിലേയ്ക്കും കൂടി വ്യാപിപ്പിക്കുന്നതാണ്. സത്വരവും കാര്യക്ഷമവും ഫലപ്രദവുമായ

രീതിയിൽ സൈബർ കുറ്റകൃത്യങ്ങളെ നേരിടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി കൊച്ചിയിലെ ഇൻഫോ പാർക്ക് പരിസരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതാണ്.

66. സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ഉള്ളതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള തീവ്രവാദ പ്രസ്ഥാനങ്ങൾ ഉയർത്തുന്ന ഏതൊരു വെല്ലുവിളിയും നേരിടാൻ സംസ്ഥാനം പൂർണ്ണമായും സജ്ജമാണ്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തീവ്രവാദ പ്രവർത്തനങ്ങൾ നേരിടുന്നതിനായി ഒരു പ്രത്യേക സേനയ്ക്ക് രൂപം നൽകുന്നതാണ്. സ്കൂളുകളിലെ നമ്മുടെ വിദ്യാർത്ഥികളുടെ മനോഭാവത്തിലും അവബോധത്തിലും മാറ്റങ്ങളുടെ തരംഗങ്ങൾ സൃഷ്ടിക്കുന്ന 'ദി സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ് സ്കീമി'-നെ ഒരു പുതിയ ഡയറക്ടറേറ്റിനു കീഴിൽ കൊണ്ടുവരുന്നതാണ്.

67. അന്തേവാസികൾ ഉത്പാദിപ്പിച്ച സാധനങ്ങൾ വിൽപ്പന നടത്തിയ വകയിൽ 22 കോടി രൂപ ജയിൽ വകുപ്പ് സമാഹരിച്ചിട്ടുണ്ട്. ജയിൽ നവീകരണ പദ്ധതി പ്രകാരം കൊല്ലം, പത്തനംതിട്ട ജില്ലാ ജയിലുകളിൽ പുതിയ ബ്ലോക്കുകളുടെ നിർമ്മാണം 2014-15-ൽ പൂർത്തീകരിക്കുന്നതാണ്. വ്യാവസായിക മേഖലയിലെ തൊഴിലാളികളും പെട്രോൾ പമ്പുകളിലെ ജീവനക്കാരും ബഹുനില കെട്ടിടങ്ങളിലെ സെക്യൂരിറ്റി ജീവനക്കാരും ഉൾപ്പെടുന്ന വിവിധ സ്റ്റേയ്ക്ക്ഹോൾഡർമാർക്കായി 'കേരള ഫയർ ആന്റ് റെസ്ക്യു അക്കാഡമി' പുതിയ കോഴ്സുകൾ അക്കാഡമിയിൽ ആരംഭിക്കുന്നതാണ്. ജോലിയുടെ ഭാഗമായി നിരന്തരം വലിയ അപകട സാധ്യത നേരിടുന്ന ഫയർ ആന്റ് റെസ്ക്യു ഉദ്യോഗസ്ഥർക്കായി ഒരു ഇൻഷുറൻസ് പദ്ധതി എന്റെ സർക്കാരിന്റെ പരിഗണനയിലുണ്ട്.

68. 2014, വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയുടെ സുവർണ്ണ ജൂബിലി വർഷവും, എന്റെ സർക്കാരിന് സത്യനിഷ്ഠയിലും സുതാര്യതയിലും അധിഷ്ഠിതമായ തത്ത്വങ്ങളെ അടിസ്ഥാനപ്പെടുത്തി എല്ലാവർക്കും സത്ഭരണം നൽകുന്നതിനുള്ള അതിന്റെ തീരുമാനം ആവർത്തിച്ചുറപ്പിക്കുന്നതിനുള്ള ഒരു സന്ദർഭവുമാണിത്. കേസുകളുടെ വിചാരണ അതിവേഗം തീർക്കുന്നതിനായി രണ്ട് വിജിലൻസ് കോടതികൾ കൂടി സ്ഥാപിക്കുന്നതാണ്.

69. 2015-ഓടുകൂടി സംസ്ഥാനത്തെ അർഹരായ എല്ലാ ഭൂരഹിത കുടുംബങ്ങൾക്കും 3 സെന്റ് ഭൂമി വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്യുന്ന 'ഭൂരഹിതരില്ലാത്ത കേരളം-2015' (Zero Landless Kerala-2015) എന്ന അതിന്റെ സുപ്രധാന പദ്ധതിയിൽ ന്യായമായും എന്റെ സർക്കാർ അഭിമാനം കൊള്ളുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടം 2013 സെപ്റ്റംബർ 30-ാം തീയതി ബഹുമാന്യയായ യു. പി. എ. അദ്ധ്യക്ഷ ശ്രീമതി സോണിയാ ഗാന്ധി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയും ആറു ജില്ലകളിലെ ഭൂരഹിത കുടുംബങ്ങൾക്കായി പട്ടയം വിതരണം ചെയ്യുകയുമുണ്ടായി. കണ്ണൂർ ജില്ല ഭൂരഹിത കുടുംബങ്ങളില്ലാത്ത ഭാരതത്തിലെ ആദ്യ ജില്ലയായി തീർന്നു. എട്ട് ജില്ലകളിലെ പട്ടയ വിതരണം പൂർത്തിയായിട്ടുണ്ട്.

70. ഈ വർഷം സംസ്ഥാനത്ത് റീ-സർവ്വെ പുനരാരംഭിക്കുന്നതാണ്. സർവ്വേയും ഭൂരേഖകളും സംബന്ധിച്ച പരാതികളുടെ പരിഹാരത്തിനായും ഭൂരേഖകൾ കാലാനുസൃതമായി പരിഷ്ക്കരിയ്ക്കുന്നതിനും വിവര സാങ്കേതിക വിദ്യാധിഷ്ഠിത സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതാണ്. 'ലാന്റ് ഡെവലപ്മെന്റ് ആന്റ്

മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടി'-നെ ഒരു 'നാഷണൽ സെന്റർ ഓഫ് എക്സലൻസ് ' ആയി വികസിപ്പിക്കുന്നതാണ്. എല്ലാ ജില്ലകളിലും ദുരന്ത നിവാരണത്തിനായി വനിതാ വാളന്റിയർ മാരുടെ ഒരു കർമ്മസേന രൂപീകരിക്കുന്നതാണ്.

71. രജിസ്ട്രേഷൻ വകുപ്പ് ഏറ്റെടുത്തിട്ടുള്ള സേവനം പ്രദാനം ചെയ്യുന്നത് മെച്ചപ്പെടുത്തുന്ന പദ്ധതികളുടെ ഭാഗമായി, സംസ്ഥാനത്തെ എല്ലാ സബ്-രജിസ്ട്രി ആഫീസുകളെയും പരസ്പരം ബന്ധിപ്പിക്കുന്ന പദ്ധതി പുരോഗമിച്ചുവരികയാണ്. ഇതോടുകൂടി, കൂടുതൽ സാങ്കേതികാടിസ്ഥാനത്തിലുള്ള സേവനങ്ങൾ സബ്-രജിസ്ട്രി ആഫീസുകളിൽ നിന്നും നൽകുന്നതിന് സാധിക്കുന്നതാണ്. ഒരു പ്രമാണം രജിസ്റ്റർ ചെയ്തതിനുശേഷം, റവന്യൂ, സർവ്വേ എന്നീ വകുപ്പുകളുടെ സഹകരണത്തോടെ, പോക്കുവരവ് ചെയ്യുന്നത് ഓൺ ലൈനായി സാധ്യമാക്കുക എന്നതാണ് ലക്ഷ്യം. ഒരു പ്രമാണം സംസ്ഥാനത്തെ ഏതൊരു സബ്-രജിസ്ട്രി ആഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥ ഉണ്ടാക്കുന്നതാണ്.

72. ശബരിമലയുടെ വികസനത്തിന് എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുന്നു. ഈ പ്രദേശത്തിനുവേണ്ടിയുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനായി 65 കോടി രൂപ ഇതിനകം നീക്കിവച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനായി ഒരു കർമ്മപദ്ധതി തയ്യാറാക്കുന്നതാണ്. എന്റെ സർക്കാർ, ഗുരുവായൂർ ക്ഷേത്രത്തിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ വികസിപ്പിക്കുന്നതും ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ സഹകരണത്തോടെ

അത് നടപ്പിലാക്കുന്നതുമാണ്. ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർ, പ്രത്യേകിച്ചും മലബാർ മേഖലയിലുള്ളവർ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതാണ്. എന്റെ സർക്കാർ, ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ അമൂല്യമായ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള അതിന്റെ ശ്രമങ്ങൾ തുടരുന്നതാണ്.

**73.** തന്ത്രപരമായ വിപണി ഇടപെടലുകളിലൂടെ അവശ്യ സാധനങ്ങളുടെ വില പിടിച്ചുനിർത്തുന്നതിനുള്ള യത്നം എന്റെ സർക്കാർ അനസ്യൂതം തുടരുന്നതാണ്. മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും വഴി 13 അവശ്യ സാധനങ്ങളുടെ വിതരണം നടത്തിവരുന്നു. ഈ വർഷം, 16 സ്റ്റോറുകളും 3 മെഡിക്കൽ ഷോപ്പുകളും ഒരു പുതിയ സൂപ്പർ മാർക്കറ്റും തുറക്കുകയും 4 സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ തുറക്കണമെന്നുള്ള സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായി 65 പുതിയ സ്റ്റോറുകൾ തുറക്കുന്നതാണ്. 10 ലക്ഷത്തിനുമുകളിൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളാക്കി മാറ്റുന്നതാണ്. പത്ത് സൂപ്പർ മാർക്കറ്റുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതും സഞ്ചരിക്കുന്ന 10 മാവേലി സ്റ്റോറുകൾ കൂടി ആരംഭിക്കുന്നതുമാണ്.

**74.** നമ്മുടെ രാജ്യത്തെ എല്ലാ ജനങ്ങൾക്കും ഭക്ഷണവും പോഷകാഹാര സുരക്ഷയും ഉറപ്പുവരുത്തുന്ന, 2013 ഒക്ടോബറിൽ പാസ്സാക്കിയ, ദേശീയ ഭക്ഷ്യ ഭദ്രത ആക്റ്റ് (National Food Security Act) ഈയടുത്തകാലത്തെ ഏറ്റവും ശ്ലാഘനീയമായ

ചരിത്ര പ്രധാന ചുവടുവയ്പാണ് എന്നതിൽ സംശയമില്ല. ഭക്ഷ്യ ഭദ്രത ആക്റ്റിന്റെ ഭാഗമായി ജില്ല/താലൂക്ക് ആസ്ഥാനങ്ങളിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ആധാർ അടിസ്ഥാനമാക്കി സുതാര്യവും കാര്യക്ഷമവും പൗര പ്രതികരണാത്മകവുമായ പൊതുവിതരണ സമ്പ്രദായം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തൊട്ടാകെ പൊതുവിതരണ സമ്പ്രദായത്തിലുടനീളം കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പൊതു വിതരണ സമ്പ്രദായ ത്തിലുടനീളമുള്ള കമ്പ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി മണ്ണെണ്ണയ്ക്കുള്ള ക്യാഷ് സബ്സിഡിയുടെ നേരിട്ടുള്ള കൈമാറ്റം നടപ്പിലാക്കുന്നതാണ്.

75. നമ്മുടെ സംസ്ഥാനത്തെ ദുർബലരായ എല്ലാ വിഭാഗങ്ങൾക്കും ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി എന്റെ സർക്കാർ എടുത്ത ഒരു പ്രധാന നടപടി-എല്ലാ ഗോത്രവർഗ്ഗ കുടുംബങ്ങളുടെയും റേഷൻ കാർഡുകൾ ബി.പി.എൽ. വിഭാഗത്തിൽപെടുന്നതായി പ്രഖ്യാപിച്ചു എന്നതാണ്. നെല്ല് സംഭരണത്തിനായി കർഷകരുടെ രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈൻ കമ്പ്യൂട്ടർവത്കൃത സംവിധാനത്തിനു കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. 'കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്' ഒരു ഭക്ഷ്യ സുരക്ഷാ സർവ്വേ നടത്തുന്നതാണ്. ഉപഭോക്തൃ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള പരിശ്രമങ്ങളുടെ ഭാഗമായി, പായ്ക്ക് ചെയ്ത ഉത്പന്നങ്ങൾക്കുംകൂടി അളവിലും തൂക്കത്തിലും നിലവാരവും കൃത്യതയും നിശ്ചയിക്കുന്നതിന് എന്റെ സർക്കാർ നടപടി കൈക്കൊണ്ടിട്ടുണ്ട്.

76. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് നന്നായി പരിപാലിക്കപ്പെടുന്ന ഗുണമേന്മയുള്ള റോഡുശൃംഖല നിർണ്ണായകമാണെന്ന് എന്റെ സർക്കാർ തിരിച്ചറിയുന്നു. ഭാരിച്ച പരിപാലന ജോലികൾക്ക് അഞ്ച് വർഷത്തെ നിർവ്വഹണ ഗാരന്റി (Performance Guarantee) നിർബന്ധിതമാക്കുന്നതാണ്. 'സസ്റ്റെയ്നബിൾ ആന്റ് പ്ലാൻഡ് എഫർട്ട് ഫോർ ഇഫക്ടീവ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെൻറ്, കേരള' (SPEEID KERALA) 10,000 കോടി രൂപയോളം വരുന്ന പദ്ധതികൾക്ക്, സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ മേൽപ്പാലങ്ങളും പാലങ്ങളും റോഡുകളും നിർമ്മിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്.

77. മൊത്തം വാഹന ഗതാഗതത്തിന്റെ 40% വഹിക്കുന്ന നമ്മുടെ ദേശീയ പാതകളെ വികസിപ്പിക്കേണ്ടത് നിർണ്ണായകമാണെന്ന് പറയേണ്ടതില്ല. കൊല്ലത്തെയും ആലപ്പുഴയിലെയും കോഴിക്കോട്ടെയും എൻ. എച്ച്. ബൈപ്പാസുകളുടെയും അതോടൊപ്പം നിർദ്ദിഷ്ട ഹിൽഹൈവേയുടെയും നിർമ്മാണപ്രവർത്തനങ്ങൾ വരുന്ന വർഷം ആരംഭിക്കുന്നതാണ്. കരമന മുതൽ കളിയിക്കാവിള വരെയുള്ള റോഡിന്റെ വീതി കൂട്ടൽ ഈ വർഷം ആരംഭിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. മണ്ണുത്തി-വാളയാർ ദേശീയപാത ആറു വരിയാക്കുന്ന പണി പുരോഗമിച്ചുവരികയാണ്. ശബരിമല ഹെവി മെയിന്റനൻസ് പദ്ധതി പ്രകാരം 42 കിലോമീറ്റർ ദൈർഘ്യം വരുന്ന മൂന്ന് റോഡുകൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. 'കോഴിക്കോട് നഗരപാത മെച്ചപ്പെടുത്തൽ പദ്ധതി' (Kozhikode City Road Improvement Project) ഈ വർഷം ആരംഭിക്കുന്നതാണ്. കോട്ടയം,

തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കൊല്ലം എന്നിവിടങ്ങളിലെ 'നഗരപാത മെച്ചപ്പെടുത്തൽ പദ്ധതി' ഏറ്റെടുക്കുന്നതാണ്. 'സംസ്ഥാനപാത മെച്ചപ്പെടുത്തൽ പദ്ധതി' പ്രകാരം 551 കിലോമീറ്റർ റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതാണ്. 15 റോഡ് മേൽപ്പാലങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ലോക ബാങ്ക് അംഗീകരിച്ച 'കേരള സംസ്ഥാന ഗതാഗത പദ്ധതി'-യുടെ രണ്ടാം ഘട്ടം ഇതിനകം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട്ടും തിരുവനന്തപുരത്തും 'മോണോറെയിൽ പദ്ധതി'-ക്ക് എന്റെ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ പാതയോരങ്ങളിൽ ശൗചാലയങ്ങൾ, ഭക്ഷണശാലകൾ, ഷോപ്പിംഗ് സൗകര്യങ്ങൾ എന്നിവപോലെയുള്ള പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 'പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്', 'ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്' എന്നീ പുതിയ കമ്പനികൾക്ക് രൂപം നൽകിയിട്ടുണ്ട്.

78. നമ്മുടെ സംസ്ഥാനത്തെ പതിനാല് ജില്ലകളിൽ ഒൻപതും കടലിനോട് ചേർന്നുകിടക്കുന്നുണ്ടെങ്കിലും സമുദ്രമേഖലയുടെ അനന്ത സാദ്ധ്യതകൾക്ക് മതിയായ പ്രാധാന്യം നൽകുവാൻ കഴിഞ്ഞിട്ടില്ല. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി (Vizhinjam International Deep water Multi Purpose Sea Port Project)-യ്ക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടെന്ന് ഈ മഹനീയ സഭയെ അറിയിക്കുന്നതിൽ എനിയ്ക്ക് സന്തോഷമുണ്ട്. തുറമുഖം പ്രവർത്തനസജ്ജമാക്കുന്നതിനുള്ള ആഗോള ടെൻഡർ ക്ഷണിക്കാൻ ഈ അനുമതി ലഭിച്ച് ഒരു ദിവസത്തിനകം തന്നെ സാധിച്ചിട്ടുണ്ട്.

79. വൻകിട തുറമുഖങ്ങളല്ലാത്ത പത്ത് തുറമുഖങ്ങളുടെ മാസ്റ്റർ പ്ലാനുകൾ വികസിപ്പിക്കുന്നതിനുള്ള വ്യവസ്ഥാപിതമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭാരതത്തിൽ ഇദം പ്രഥമമായി തീരദേശ കപ്പൽ ഗതാഗതം വർദ്ധിപ്പിക്കുന്നതിനായി യാത്രക്കാർക്കും ചരക്കുനീക്കത്തിനും പ്രോത്സാഹനം പ്രഖ്യാപിച്ചിട്ടുണ്ട്. 2013 നവംബറിൽ കൊല്ലം തുറമുഖത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. എറണാകുളത്ത് ഒരു പുതിയ 'ഹൈഡ്രോഗ്രാഫിക് സർവ്വെ ഇൻസ്റ്റിറ്റ്യൂട്ട്' ഉദ്ഘാടനം ചെയ്യുകയുണ്ടായി.

80. എന്റെ സർക്കാർ, തീരദേശ കപ്പൽ ഗതാഗതത്തിനുള്ള തന്ത്രപ്രധാനമായ ഉദ്യമങ്ങൾക്കു കീഴിൽ നിരവധി സുപ്രധാന പദ്ധതികൾ നടപ്പിലാക്കുന്നതാണ്. വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ വികസിപ്പിച്ചുകൊണ്ട് ഘട്ടം ഘട്ടമായി 2030-ഓടെ ചരക്കു നീക്കത്തിന്റെയും യാത്രക്കാരുടെയും 50% റോഡ്-റെയിൽ ഗതാഗതത്തിൽ നിന്ന് തീരദേശ കപ്പൽ ഗതാഗതത്തിലേക്ക് മാറ്റുന്നതിനുള്ള പദ്ധതികൾ വികസിപ്പിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂരിൽ നിന്നും എറണാകുളം വരെ ഒരു മറൈൻ ബൈപ്പാസ് നിർമ്മിക്കുന്നതാണ്. സമാധാനപരമായ തൊഴിൽ ബന്ധങ്ങൾ ഉറപ്പാക്കുന്നതിന് വൻകിട തുറമുഖങ്ങളല്ലാത്ത 10 തുറമുഖങ്ങളിൽ അഞ്ചു വർഷത്തേയ്ക്ക് ഒരു 'സമര രഹിത കരാറിൽ' (NIL strike agreement) ഏർപ്പെടുന്നതാണ്. എന്റെ സർക്കാർ, അടുത്ത വർഷം 'വെസ്റ്റ് കോസ്റ്റ് മാരിടൈം യൂണിവേഴ്സിറ്റി' സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വേമ്പനാട്, കൊച്ചി കായലുകളിലെ ആയിരം ബോട്ടുകളെ ടൂറിസവും തുറമുഖവും

വകുപ്പുകളുടെ വെബ്സൈറ്റുകളിലെ 'സുരക്ഷാബോട്ട് പട്ടികയിൽ' ഉൾപ്പെടുത്തുന്നതാണ്. കേരള മാരിടൈം ബോർഡ് ഈ വർഷം തന്നെ രൂപീകരിക്കുന്നതാണ്.

81. എന്റെ സർക്കാർ, തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിനെ എല്ലാ മറൈൻ നിർമ്മിതികളുടെയും നിർമ്മാണത്തിനുവേണ്ടി മത്സ്യബന്ധനവും തുറമുഖവും വിനോദസഞ്ചാരവും വകുപ്പുകളുടെ സേവന വകുപ്പായി പ്രഖ്യാപിച്ചിട്ടുണ്ട്. ഭാരത സർക്കാർ, ഈ വകുപ്പിനെ മറ്റ് മാരിടൈം സംസ്ഥാനങ്ങളിലുള്ള കൺസൾട്ടൻസി സേവനങ്ങൾകൂടി ഏറ്റെടുക്കുന്നതിനുള്ള സാങ്കേതിക ഉപദേഷ്ടാവായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്റെ സർക്കാർ, മുതലപ്പൊഴി, ചെല്ലാനം, ചേറ്റുവ, കൊയിലാണ്ടി, തലായി, ചെറുവത്തൂർ, കാസർഗോഡ്, മുനക്കാകടവ് എഫ്. എൽ. സി. (FLC) എന്നിവിടങ്ങളിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2014-15-ൽ പൂർത്തിയാക്കുന്നതാണ്. ഏഴ് പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിനുവേണ്ടിയുള്ള അന്വേഷണ പഠനങ്ങൾ പുരോഗമിച്ചുവരുന്നതും ആയത് 2014-15 കാലയളവിൽ പൂർത്തിയാക്കുന്നതുമാണ്. വരുന്ന വർഷം, 300 കിലോമീറ്റർ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്നതാണ്. ദേശീയ മത്സ്യബന്ധന വികസന ബോർഡിന്റെ (NFDB) സഹായത്തോടെയുള്ള നവീകരണ പ്രവർത്തനങ്ങൾ 2014-15 കാലയളവിൽ പൂർത്തിയാക്കുന്നതാണ്. പൊഴിയൂരിലെ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനുള്ള അന്വേഷണ പ്രവൃത്തികളും നീണ്ടകര, തോട്ടപ്പള്ളി, പുതിയാപ്പ, മാപ്പിളബേ എന്നിവിടങ്ങളിലെ രണ്ടാംഘട്ട വികസനവും 2014-15 കാലയളവിൽ ആരംഭിക്കുന്നതാണ്. മത്സ്യബന്ധന തുറമുഖങ്ങളെ

'യൂറോപ്യൻ യൂണിയൻ' (EU) നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള ഒരു പ്രത്യേക യത്നത്തിന് തുടക്കമിടുന്നതാണ്.

82. സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറയ്ക്കുള്ള മുഖ്യ സംഭാവനകൾ നൽകുന്നവയിൽ ഒന്നായി നിലകൊള്ളുന്ന വിനോദ സഞ്ചാര മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്നതിനായി എന്റെ സർക്കാർ ചിട്ടയായി പ്രവർത്തിച്ചുവരുന്നു. വിനോദ സഞ്ചാരികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും പുതിയ വിപണന സാദ്ധ്യതകൾ കണ്ടെത്തുന്നതിലുമായിരിക്കും ഊന്നൽ നൽകുന്നത്. 40-ൽപരം പുതിയ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതാണ്. അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട 'സ്പൈസ് റൂട്ടിന്' (Spice Route) പ്രോത്സാഹനം നൽകുംവിധം വിപണന പ്രവർത്തനങ്ങൾ പുനർനിർവ്വചിക്കുന്നതാണ്. 'വിസ ഓൺ അറൈവൽ' സൗകര്യത്തിലൂടെ പുതിയ അന്താരാഷ്ട്ര വിപണികൾ ഉപയോഗപ്പെടുത്തുന്നതാണ്. ഉത്തരവാദിത്വ വിനോദസഞ്ചാര സംരംഭങ്ങൾ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതാണ്. തദ്ദേശീയതലത്തിൽ കൂടുതൽ സംരംഭകരുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് കേരളത്തിലുടനീളം 'ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ' ശക്തിപ്പെടുത്തുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അതുപോലെതന്നെ പൊതു-സ്വകാര്യ പങ്കാളിത്ത (PPP) രീതിയിൽ പ്രവർത്തിക്കുവാൻ തയ്യാറുള്ള സ്ഥാപനങ്ങളുടെയും സഹായത്തോടെ 'വേസ്റ്റ് ഫ്രീ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ കാംപെയ്ൻ', കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. എന്റെ സർക്കാർ, പരമ്പരാഗത ചുണ്ടൻ വള്ളങ്ങളെ സംരക്ഷിക്കുന്നതിനായുള്ള ഒരു പുതിയ പദ്ധതി ആരംഭിക്കുന്നതാണ്. കായൽ വിനോദസഞ്ചാരവും

മലയോര വിനോദസഞ്ചാരവും വികസിപ്പിക്കുന്നതിനായുള്ള നയങ്ങളുടെ ഭാഗമായി ഇലവീഴാപൂഞ്ചിറയിലെ 'ഗ്രീൻ ടൂറിസം സർക്യൂട്ടും' ആലപ്പുഴ കായൽ വിനോദസഞ്ചാര പദ്ധതിയും നടപ്പിലാക്കുന്നതാണ്.

83. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വിപുലീകരണം പൂർത്തിയാക്കുന്നതിനായി മുട്ടത്തറ, പേട്ട വില്ലേജു കളിൽ ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കണ്ണൂർ ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിന് ആവശ്യമായ എല്ലാ പാരിസ്ഥിതികാനുമതികളും നേടിയിട്ടുള്ളതും കൂടാതെ, പദ്ധതിക്കുള്ള സാമ്പത്തിക സഹായമായി 310 കോടി രൂപയുടെ രണ്ടാം ബാങ്ക് വായ്പ ഏർപ്പെടുത്തിവരികയുമാണ്. ഈ പ്രവൃത്തിയ്ക്കുവേണ്ടിയുള്ള സാമ്പത്തിക സഹായത്തിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഈ വിമാനത്താവളത്തിലേക്കുള്ള ആദ്യ വിമാനത്തിന് 2015 ഡിസംബറിൽ ഇറങ്ങാൻ സാധിക്കുമെന്ന് എന്റെ സർക്കാർ പ്രതീക്ഷിക്കുന്നു. വിമാനത്താവള സൗകര്യ മില്ലാത്ത പത്ത് ജില്ലകളിലും ഹെലിപ്പാഡുകൾ സ്ഥാപിക്കുന്നതി നുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്. കോഴിക്കോട് വിമാനത്താവളത്തിന്റെ വിപുലീകരണം എന്റെ സർക്കാർ പൂർത്തിയാക്കുന്നതും നിർദ്ദിഷ്ട സാങ്കേതിക നിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതുമാണ്.

84. അഭിമാനകരമായ കൊച്ചി മെട്രോ റെയിൽ പദ്ധതി ശരിയായ ദിശയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും ഈ പദ്ധതിയുടെ ധനസമാഹരണത്തിന്റെ ഔപചാരികമായ പരിസമാപ്തിയിലേക്ക് അധികം താമസിയാതെ എത്തുമെന്ന്

പ്രതീക്ഷിക്കുന്നുവെന്നും ഈ സഭയെ അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. പതിവായി യാത്ര ചെയ്യുന്നവരെ കേന്ദ്രീകരിച്ചു കൊണ്ട് കൊച്ചിയിലെ വ്യത്യസ്ത നഗര ഗതാഗത സംവിധാന ങ്ങൾ നവീകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു ഏകീകൃത 'മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി' രൂപീകരിക്കുന്നതിനുംകൂടി കെ. എം. ആർ. എൽ. (K.M.R.L.) തുടക്കം കുറിച്ചിട്ടുണ്ട്. മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത ഇന്ധന വിലവർദ്ധന മൂലമുള്ള സാമ്പത്തിക പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ പരമാവധി ശ്രമിച്ചുവരികയാണ്. ആധുനീകരണത്തിനും ബസ്സുകളുടെ നവീകരണത്തിനുമാണ് ഈ വർഷം ഊന്നൽ നൽകുന്നത്. അന്തർ-സംസ്ഥാന മേഖലയ്ക്കുവേണ്ടി 10 പുതിയ ഹൈടെക് വോൾവോ ബസ്സുകൾ ആരംഭിക്കുന്നതാണ്. തിരുവനന്തപുരത്തെയും കോഴിക്കോട്ടെയും നാഴികക്കല്ലായ വാണിജ്യ സമുച്ചയങ്ങൾ ഉടൻ ഉദ്ഘാടനം ചെയ്യുന്നതാണ്. ബസ്സ് സ്റ്റേഷനുകളിൽ 7 ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം ആരംഭിക്കുന്നതാണ്. ബസ്സുകളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് കെ. എസ്. ആർ. റ്റി. സി. ബസ്സുകളിൽ 'ഗ്ലോബൽ പോസിഷനിംഗ് സംവിധാനം' (GPS) ഏർപ്പെടുത്തുന്നതാണ്. കൊച്ചി നഗരത്തിലെ തേവരയിൽ ഒരു പുതിയ ബസ്സ് ടെർമിനൽ ആരംഭിക്കുന്നതാണ്.

85. ജലഗതാഗത മേഖലയിൽ ബോട്ട് യാത്രക്കാർക്ക് സുരക്ഷിതമായ യാത്രാസൗകര്യം ഒരുക്കുന്നതിനായിരിക്കും ഊന്നൽ നൽകുന്നത്. സുസജ്ജമായ സുരക്ഷാ ബോട്ടുകൾ വാങ്ങുന്നതാണ്. ആലപ്പുഴ, കുമരകം, മറ്റ് വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് ഒരു പുതിയ വിനോദ സഞ്ചാര ബോട്ട് സർവ്വീസ് ആരംഭിക്കുന്നതാണ്. തേവരയിൽ ഒരു 'ഡ്രൈ ഡോക്ക്' നിർമ്മിക്കുന്നതാണ്.

86. നമ്മുടെ റോഡുകളിലെ എൻഫോഴ്സ്മെന്റ് മെക്കാനിസം ശക്തിപ്പെടുത്തുന്നതിനും സുരക്ഷ മെച്ചപ്പെടുത്തുന്നതിനുമായി കണ്ടെത്തിയിട്ടുള്ള സുപ്രധാന ഉദ്യമങ്ങളുടെ ഭാഗമായി, റഡാർ അടിസ്ഥാനമാക്കിയുള്ള സംവിധാനങ്ങൾ, ഇന്റർസെപ്റ്ററുകൾ, സിമുലേറ്ററുകൾ, വെഹിക്കിൾ ട്രാക്കിംഗ് സംവിധാനങ്ങൾ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതും ഡ്രൈവർ ടെസ്റ്റിങ് ട്രാക്കുകൾ, കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന സ്റ്റേഷനുകൾ എന്നിവ സ്ഥാപിച്ചുകൊണ്ടും മോട്ടോർ വാഹന വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ നടപടികൾക്ക് തുടക്കമിടുന്നതിനും ചെക്ക്പോസ്റ്റുകളുടെ ആധുനികവൽക്കരണത്തിനും മോട്ടോർവാഹന വകുപ്പ് ഉദ്ദേശിക്കുന്നു.

87. എന്റെ സർക്കാർ തൃശ്ശൂർ, എറണാകുളം നോർത്ത്, എറണാകുളം സൗത്ത്, കോട്ടയം, കൊല്ലം, കോഴിക്കോട് എന്നീ റെയിൽവേ സ്റ്റേഷനുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഈ വർഷം ഫണ്ടുകൾ നീക്കിവച്ചിട്ടുണ്ട്. അങ്കമാലി-ശബരി ലൈനിന്റെ അലൈൻമെന്റ് പൂർത്തിയാക്കിയിട്ടുണ്ട്. റെയിൽ കോച്ച് ഫാക്ടറി പാലക്കാട് സ്ഥാപിക്കുന്നതിനായി 239 ഏക്കർ ഭൂമി ഇതിനകം റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. ആലപ്പുഴയിൽ വാഗൺകോച്ച് ഫാക്ടറിയ്ക്കുവേണ്ടിയുള്ള ഭൂമി റെയിൽവേയ്ക്ക് സൗജന്യമായി കൈമാറുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തിരുവനന്തപുരം-ചെങ്ങന്നൂർ-ഹരിപ്പാട് മേഖലകൾക്കിടയിൽ സബർബൻ റെയിൽവേ പദ്ധതിയ്ക്കായുള്ള ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നതും, സംസ്ഥാനത്തെ പൊതുഗതാഗത സൗകര്യങ്ങൾ ഗണ്യമായി മെച്ചപ്പെടുത്തുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിൽ റെയിൽവേയുടെ പങ്കാളിത്തത്തിനും സഹായത്തിനുമായി അവരെ സമീപിച്ചിട്ടുള്ളതുമാണ്.

88. കേരളത്തിൽ സഹകരണമേഖല വഹിച്ചിട്ടുള്ള പ്രധാന പങ്ക് പരിഗണിച്ച് ഒരു സംസ്ഥാന സഹകരണനയം രൂപീകരിക്കുന്നതാണ്. ജില്ല/താലൂക്ക് തലങ്ങളിൽ സുസജ്ജമായ മെഡിക്കൽ ലബോറട്ടറികൾ തുടങ്ങുന്നതിനായി സഹായം നൽകുക, ബയോഗ്യാസ് മാലിന്യനിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി പലിശരഹിത വായ്പകൾ ലഭ്യമാക്കുക, എസ്.സി./എസ്.റ്റി. സംഘങ്ങൾ ശക്തിപ്പെടുത്തുക, വിദ്യാഭ്യാസ/ആരോഗ്യ/വിപണന-സംസ്കരണ സംഘങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് ഈ മേഖലയിൽ ഉദ്ദേശിക്കുന്ന ചില പ്രധാന സംരംഭങ്ങൾ.

89. 2014-ൽ നടക്കുന്ന 35-ാമത് ദേശീയ ഗെയിംസ് നടത്തുന്നതിനായുള്ള തയ്യാറെടുപ്പുകൾ അതിവേഗം പുരോഗമിച്ചുവരികയാണെന്ന് ഈ സഭയെ അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള 7 ജില്ലകളിൽ 25 അടിസ്ഥാന സൗകര്യപദ്ധതികൾ പുരോഗമിച്ചുവരികയാണ്. തിരുവനന്തപുരം മേനംകുളത്ത് 3 ലക്ഷം ചതുരശ്ര അടിയുള്ള 'പ്രീ-ഫാബ്രിക്കേറ്റഡ് ഗെയിംസ് വില്ലേജും' കാര്യവട്ടത്ത് ഒരു 'ഗ്രീൻഫീൽഡ്' സ്റ്റേഡിയവും തിരുവനന്തപുരത്തും കോഴിക്കോടും രണ്ട് 'ഗ്രീൻഫീൽഡ്' സ്റ്റേഡിയങ്ങളും അവയിൽ ഉൾപ്പെടുന്നു. 'സ്പോർട്സ് മിനിസ്റ്റേഴ്സ് ഇൻഫ്രാസ്ട്രക്ചറൽ ലീപ് റ്റു എക്സലൻസ്'-'സ്മൈൽ' (SMILE) പരിപാടി പ്രകാരം മികച്ച മോഡുലാർ സ്പോർട്സ് സൗകര്യങ്ങൾ നൽകുന്നതിനായി 101 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. വരുന്ന വർഷം ഈ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതും നടപ്പിലാക്കുന്നതുമാണ്. ഏവിയേഷനിലും മറ്റ് എയർക്രാഫ്റ്റ് അനുബന്ധ മെയിന്റനൻസിലും 'രാജീവ്ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി' പുതിയ കോഴ്സുകൾ തുടങ്ങുന്നതാണ്. സ്കൂൾ കുട്ടികൾക്കായി, അവരെ സ്പോർട്സിലും

ഗെയിംസിലും തത്പരരാക്കുന്നതിനായി 'പ്ലേ ഫോർ ഹെൽത്ത്' എന്ന പേരിലുള്ള ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് സ്പോർട്സും യുവജനകാര്യവും വകുപ്പ് ഉദ്ദേശിക്കുന്നു. തിരുവല്ല യിൽ കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റൽ ബിൽഡിംഗിന്റെയും കോട്ടയത്ത് ഒരു സിന്തറ്റിക് ട്രാക്കിന്റെയും നിർമ്മാണം പോലുള്ള പല പ്രധാന അടിസ്ഥാന സൗകര്യ പദ്ധതികളും കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ഏറ്റെടുക്കുന്നതാണ്.

**90.** കേരള സംസ്ഥാന യുവജന ക്ഷേമബോർഡ് സംസ്ഥാന യുവജനനയം നടപ്പിലാക്കിവരുന്നു. ബോർഡിന്റെ പുതിയ സംരംഭങ്ങളിൽ, 'സംരംഭകത്വ വികസന പരിപാടിയും' 'ജീവദായിനി' എന്ന സമഗ്ര രക്തദാന പരിപാടിയും ഉൾപ്പെടുന്നു. ബോർഡ്, സംസ്ഥാനത്തുടനീളം ഇ-സാക്ഷരത എന്ന ഒരു സമഗ്ര ഇ-ലിറ്ററസി പ്രചാരണ പ്രവർത്തനം ആരംഭിക്കുന്നതാണ്. തെരഞ്ഞെടുത്ത അർപ്പണബോധമുള്ള ഒരു കൂട്ടം യുവസന്നദ്ധ സേവകരെ വളർത്തിയെടുക്കത്തക്കവിധം യുവകർമ്മസേനയെ നവീകരിക്കുന്നതും ദുരന്തനിവാരണം, പ്രഥമശുശ്രൂഷ, സാമൂഹ്യ പ്രവർത്തനം എന്നിവയിൽ അവർക്ക് പരിശീലനം നൽകുന്നതുമാണ്. കൃഷി വകുപ്പ്, ഹോർട്ടികൾച്ചറൽ മിഷൻ, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് എന്നിവ പോലുള്ള ഏജൻസികളുമായി കൈകോർത്തുകൊണ്ട് പ്രവർത്തിക്കുന്നതിനായി പരീക്ഷണാ ടിസ്ഥാനത്തിൽ അഞ്ച് ജില്ലകളിൽ യുവ കാർഷിക ക്ലബ്ബുകൾ സമാരംഭിക്കുന്നതാണ്.

**91.** എന്റെ സർക്കാർ, തക്കല പത്മനാഭപുരം കൊട്ടാരത്തി ലെയും കായംകുളം കൃഷ്ണപുരം കൊട്ടാരത്തിലെയും മ്യൂസിയം ഗ്യാലറികളും തൃശ്ശൂർ ശക്തൻ തമ്പുരാൻ മ്യൂസിയങ്ങളും നവീകരി ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രാദേശിക പ്രാധാന്യമുള്ള രേഖകൾ സംരക്ഷിക്കുന്നതിനുവേണ്ടി

'ഇൻഡ്യൻ ഹിസ്റ്റോറിക്കൽ റിക്കാർഡ്സ് കമ്മീഷൻ'-ന്റെ നിർദ്ദേശ പ്രകാരം 'ഇന്റർമീഡിയറ്റ് റിപ്പോസിറ്ററീസ്' സ്ഥാപിക്കുന്നതാണ്. ഐതിഹാസിക ചിത്രകാരനായ രാജാരവിവർമ്മയുടെയും ഇൻഡ്യയിലും വിദേശത്തുമുള്ള പ്രസിദ്ധരായ മറ്റ് കലാകാരൻമാരുടെയും വളരെ അപൂർവ്വവും അതുല്യവുമായ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനുവേണ്ടി ഒരു ആർട്ട് ഗാലറി നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു.

**92.** നിയമസഭയിലെ ഔദ്യോഗിക കാര്യങ്ങൾക്കുവേണ്ടി സഭയുടെയും സർക്കാരിന്റെയും ഇടയിലുള്ള ഒരു സുപ്രധാന കണ്ണിയാണ് പാർലമെന്ററികാര്യ വകുപ്പ്. പാർലമെന്ററി ജനാധിപത്യത്തിന്റെ ആരോഗ്യകരമായ വികസനത്തിനുവേണ്ടിയുള്ള പുതിയ ആശയങ്ങളും സങ്കല്പങ്ങളും ജനിപ്പിക്കുന്നതിനും വിവിധ സ്റ്റെയ്ക്ക്ഹോൾഡർമാരെ പരിശീലിപ്പിക്കുന്നതിനുംവേണ്ടി സുപ്രധാന ഏജൻസിയായി പ്രവർത്തിച്ചുവരുന്ന 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്'-ന്റെ പ്രവർത്തനങ്ങളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. നമ്മുടെ ചരിത്രത്തിലെ ശ്രദ്ധേയമായ സംഭവങ്ങളുടെയും വ്യക്തിത്വങ്ങളുടെയും സ്മരണ നിലനിർത്തുന്നതിനായി പഴയ അസംബ്ലി ഹാളിൽ ഒരു പുതിയ 'ലൈറ്റ് ആന്റ് സൗണ്ട് ഷോ' ആരംഭിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ദേശിക്കുന്നു.

**93.** പരിസ്ഥിതി സംരക്ഷണം ഏതൊരു സർക്കാരും അവശ്യം നിർവ്വഹിക്കേണ്ട കടമയാണ്, ഇതിനായി എന്റെ സർക്കാർ തുടർച്ചയായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പരിസ്ഥിതിലോല പ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി തദ്ദേശവാസികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ജൈവവൈവിധ്യ സംരക്ഷണത്തിനുവേണ്ടി ഒരു തദ്ദേശ ജൈവവൈവിധ്യനിധി രൂപീകരിക്കുന്നതിനായി ജൈവവൈവിധ്യ ബോർഡിനെ സഹായിക്കുന്നതാണ്.

**94.** പശ്ചിമഘട്ട മേഖലയിലെ പാരിസ്ഥിതിക നിർദ്ദേശങ്ങളിൻമേലുള്ള ഗാഡ്ഗിൽ റിപ്പോർട്ടും കസ്തൂരിരംഗൻ റിപ്പോർട്ടും ഈ പ്രദേശങ്ങളിൽ സ്ഥിരതാമസമാക്കിയിട്ടുള്ള ജനങ്ങളുടെ മനസ്സിൽ ആശങ്കകൾ സൃഷ്ടിച്ചിട്ടുണ്ട്. അവിടെ സ്ഥിരതാമസമാക്കിയിട്ടുള്ള ജനങ്ങളുടെ ന്യായമായ താത്പര്യങ്ങളും നിയമാനുസൃത അവകാശങ്ങളും സംരക്ഷിക്കപ്പെടും എന്ന് ഉറപ്പു വരുത്തുന്നതിൽ എന്റെ സർക്കാർ ദൃഢനിശ്ചയമെടുത്തിട്ടുണ്ട്.

**95.** സർക്കാരിലെ നിയമ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി എന്റെ സർക്കാർ അതിന്റെ രണ്ട് ഇ-ഗവേർണൻസ് പദ്ധതികളായ 'മോഡണൈസേഷൻ ഓഫ് ലാ ഡിപ്പാർട്ട്മെന്റ്'', 'കോർട്ട് കേസസ് മോണിറ്ററിംഗ് സൊല്യൂഷൻ ഫോർ ലാ ഓഫീസസ്' എന്നിവ അതിവേഗം പൂർത്തിയാക്കുന്നതാണ്. സംസ്ഥാന വ്യവഹാര നയത്തിന്റെ ഭാഗമായി, ശേഷിക്കുന്ന ആറ് ജില്ലാ കളക്ടറേറ്റുകളിലുംകൂടി നോഡൽ ലാ ആഫീസർമാരെ നിയമിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി, ആവശ്യമുള്ള വിഭാഗങ്ങൾക്ക് നിയമ വിദ്യാഭ്യാസവും ആശ്വാസവും നൽകിക്കൊണ്ടുള്ള അതിന്റെ കാര്യക്ഷമമായ സേവനം തുടർന്നും നൽകുന്നതാണ്. സംസ്ഥാനത്തുടനീളം ഇതിനകം ആരംഭിച്ച പതിനേഴ് മീഡിയേഷൻ കേന്ദ്രങ്ങൾ ഈ അർപ്പണ മനോഭാവത്തെ പ്രതിഫലിപ്പിക്കുന്നു.

**96.** എന്റെ സർക്കാർ പ്രവാസി കേരളീയരുടെ ക്ഷേമത്തിൽ പ്രതിജ്ഞാബദ്ധമാണ്. സാന്ത്വന (സാമ്പത്തിക സഹായം നൽകുന്നതിനുള്ള നോർക്ക മന്ത്രിയുടെ ദുരിതാശ്വാസ നിധി), കാരുണ്യ (വിദേശത്ത് മരണമടയുന്ന പ്രവാസി കേരളീയരുടെ മൃതദേഹം

കൊണ്ടുവരുന്നതിനുള്ള പദ്ധതി), സ്വപ്നസാഫല്യം (കഷ്ടത അനുഭവിക്കുന്ന പ്രവാസി കേരളീയർക്ക് വിമാന ടിക്കറ്റ് നൽകുന്നതിനുള്ള പദ്ധതി) എന്നിവ പോലെയുള്ള പ്രധാന ക്ഷേമ പദ്ധതികൾ പ്രവാസി കേരളീയർക്ക് വളരെയധികം സഹായകരമാണ്. പ്രവാസി കേരളീയർക്ക് മുതൽമുടക്കുന്നതിൽ സഹായം നൽകുന്നതിനായി 'നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ' ശക്തിപ്പെടുത്തുന്നതാണ്. സൗദി അറേബ്യയിൽ നിതാഖത് നിയമം നടപ്പിലാക്കിയതിന്റെ ഫലമായി തിരിച്ചുവരുന്ന കേരളീയർക്കായി എന്റെ സർക്കാർ ഒരു സമഗ്ര പുനരധിവാസ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ലോകത്താകമാനമുള്ള വിവിധ മേഖലകളിലെ പ്രഗത്ഭരായ കേരളീയരുടെ പരിചയസമ്പത്തും അറിവും പ്രയോജനപ്പെടുത്തുന്നതിനായി പ്രധാനമന്ത്രിയുടെ ഗ്ലോബൽ അഡ്വൈസറി കൗൺസിലിന്റെ മാതൃകയിൽ എന്റെ സർക്കാർ, പ്രവാസി കേരളീയർക്കായി മുഖ്യമന്ത്രിയുടെ ഗ്ലോബൽ അഡ്വൈസറി കൗൺസിൽ രൂപീകരിക്കുന്നതാണ്.

97. വിവര-പൊതുജന സമ്പർക്ക വകുപ്പ് (ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ്) അതിന്റെ ചുമതല കേവലം ഒരു മാധ്യമ നിർവ്വാഹക സേവന ദാതാവ് എന്ന നിലയിൽ നിന്നും ജനങ്ങൾക്ക് സഹായവും ആശ്വാസവും നൽകുന്നതിലേയ്ക്കായി അതിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും സംയോജിപ്പിച്ചുകൊണ്ട് വിജയകരമായി വ്യാപിപ്പിക്കുകയുണ്ടായി. സർക്കാർ മുൻഗണന നൽകി വികസിപ്പിക്കേണ്ട വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായുള്ള പുതിയ പരിപാടിയായ 'നവകേരളം' ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്തുവരുന്നു. സുതാര്യ കേരളത്തിൽ അവതരിപ്പിക്കുന്ന എല്ലാ വിഷയങ്ങളിലും തുടർ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതാണ്. കേരള പ്രസ് അക്കാഡമിയെ ഒരു 'സെന്റർ ഓഫ് എക്സലൻസ്' ആയി ഉയർത്തുന്നതാണ്.

98. പൊതുജനങ്ങൾക്ക്, പ്രത്യേകിച്ചും മുതിർന്ന പൗരന്മാർക്കും പെൻഷൻകാർക്കും, മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി കോർ ബാങ്കിംഗ് സൗകര്യങ്ങൾക്ക് വഴിയൊരുക്കുംവിധം സംസ്ഥാനത്തെ 214 ട്രഷറികളെയും പരസ്പരം ബന്ധിപ്പിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. നെറ്റ് ബാങ്കിംഗും മൊബൈൽ ബാങ്കിംഗും സേവനങ്ങൾ പൊതുജനങ്ങളിലേക്കെത്തിക്കുന്നതാണ്. ശമ്പളം നൽകുന്നതിനായി സംസ്ഥാനത്തെ ട്രഷറികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതാണ്. അതോടൊപ്പം, അക്കൗണ്ടുള്ളവർക്ക് ട്രഷറി സേവിംഗ് ബാങ്കിൽ നിന്നും കൂടുതൽ സേവനങ്ങൾ നൽകുന്നതാണ്. വരുന്നവർഷം സർക്കാരിൽനിന്നും സബ്-ട്രഷറി തലംവരെ ഫണ്ടുകളുടെ ഇലക്ട്രോണിക് ട്രാൻസ്ഫറിന് ട്രഷറികളിൽ സൗകര്യം ഏർപ്പെടുത്തുന്നതാണ്.

99. വിവര ലഭ്യതയും നികുതി പിരിവിന്റെ കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിനായി 'സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ്'-ഉം 'ഡയറക്ടറേറ്റ് ഓഫ് ഫോറിൻ ട്രേഡ്'-മായി ചേർന്ന് പ്രവർത്തിക്കുന്നതിന് വാണിജ്യ നികുതി വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. കാലതാമസം ഒഴിവാക്കുന്നതിനും റവന്യൂ വരുമാനം മെച്ചപ്പെടുത്തുന്നതിനുമുള്ള നിരവധി പരിഷ്കാരങ്ങൾ വാളയാറിലും മറ്റ് ചെക്ക് പോസ്റ്റുകളിലും നടപ്പിലാക്കിവരുന്നു. അതിർത്തി ചെക്ക് പോസ്റ്റുകൾ കടന്നുവരുന്ന വാഹനങ്ങളെ ആർ.എഫ്.ഐ.ഡി. (RFID) സാങ്കേതികവിദ്യ ഉപയോഗിച്ച് നിരീക്ഷിക്കുന്നതാണ്. ജി.എസ്.റ്റി. (GST) ശൃംഖല ആദ്യമായി നടപ്പിലാക്കുന്നതിന് മാർഗ്ഗദർശനം നൽകുന്ന സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ട്.

**100.** എക്സൈസ് വകുപ്പ് വരുമാനം നേടിത്തരുന്ന ഒരു വകുപ്പ് മാത്രമാണെന്ന അതിന്റെ പ്രതിച്ഛായ പടിപടിയായി മാറ്റുകയും ഇപ്പോൾ, സമൂഹത്തിൽ മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും ദോഷഫലങ്ങളെ കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീ, എൻ.എസ്.എസ്., സ്റ്റുഡൻറ് പോലീസ് കേഡറ്റുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയ ഏജൻസികളുമായി ചേർന്നു പ്രവർത്തിച്ച് മയക്കുമരുന്നിനും മദ്യത്തിനുമെതിരെയുള്ള പ്രചാരണം വിപുലീകരിക്കുന്നതാണ്. സർക്കാർ-സർക്കാരിതര ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളെ സഹായിക്കുന്നതിനായി ഒരു പുതിയ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. അട്ടപ്പാടി മേഖലയ്ക്ക് വേണ്ടി ഒരു പ്രത്യേക ദൗത്യസംഘം രൂപീകരിച്ചിട്ടുണ്ട്. വരുന്ന വർഷം, എക്സൈസ് വകുപ്പ് നവീകരിക്കുന്നതിലും എറണാകുളത്തും കോഴിക്കോട്ടും സഞ്ചരിക്കുന്ന രണ്ട് മദ്യ പരിശോധന ലബോറട്ടറികൾ സ്ഥാപിക്കുന്നതിലും ചെക്ക്പോസ്റ്റുകളിൽ വാഹന സ്കാനറുകൾ സ്ഥാപിക്കുന്നതിലും ആയിരിക്കും ഊന്നൽ നൽകുന്നത്. 'സ്റ്റേറ്റ് എക്സൈസ് അക്കാഡമി ആന്റ് റിസർച്ച് സെന്റർ' (SEARC)-നെ ഒരു ദേശീയതല പരിശീലന സ്ഥാപനമായി ഉയർത്തുന്നതാണ്.

**101.** ലോട്ടറി വകുപ്പിനെ വിഭവസമാഹരണത്തിനുള്ള ഒരു പ്രധാന സ്രോതസ്സായി പ്രവർത്തനോന്മുഖമാക്കുന്നതിന് എന്റെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 2012-2013 കാലയളവിൽ, വില്പന മുൻപെങ്ങുമെത്തിയിട്ടില്ലാത്ത തുകയായ 2700 കോടി രൂപയിലെത്തിയിട്ടുണ്ട്. ഏറെ പ്രശംസിക്കപ്പെടുന്ന കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി സ്വകാര്യ ആശുപത്രികളെകൂടി അതിന്റെ പരിധിയിൽ കൊണ്ടുവരത്തക്കവിധം വിപുലീകരിച്ച് വരുന്നു.

സംസ്ഥാനത്തിന് പുറത്തുനിന്നുള്ള അനധികൃത ലോട്ടറികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിൽ എന്റെ സർക്കാർ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ല. സംസ്ഥാന തലത്തിലെയും ജില്ലാതലത്തിലെയും നിരീക്ഷണ സമിതികൾ ഇക്കാര്യത്തിൽ ജാഗരൂകരാണ്.

102. ലീഗൽ മെട്രോളജി വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ രണ്ടാംഘട്ടം ആ വകുപ്പ് നടപ്പിലാക്കുന്നതാണ്. സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിനുള്ള മെഷീനുകൾ വാങ്ങുന്നതാണ്. ഓട്ടോ ഗ്യാസ് വിതരണ പമ്പുകൾ പരിശോധിക്കുന്നതിനുള്ള എൽ.പി.ജി. പമ്പ് പരിശോധനാ കിറ്റുകൾ കേരളത്തിലെ എല്ലാ ജില്ലകളിലെയും ആവശ്യത്തിലേയ്ക്കായി സ്ഥാപിക്കുന്നതാണ്.

103. അച്ചടി, സ്റ്റേഷനറി എന്നീ വകുപ്പുകൾ ആധുനികവത്കരിക്കുന്നതാണ്. കടലാസ് സംഭരണത്തിന്റെ കാര്യക്ഷമതയും സുതാര്യതയും മെച്ചപ്പെടുത്തുന്നതിനായി പേപ്പർ ടെസ്റ്റിംഗ് ലാബുകളുടെ നിലവാരം ഉയർത്തുന്നതാണ്.

104. 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്' (IMG) ഭാരത സർക്കാരുമായി സഹകരിച്ച് ലാന്റ് ഗവേർണൻസ് സെന്റർ ഈ വർഷം സ്ഥാപിക്കുകയുണ്ടായി. സുസ്ഥിരവികസനത്തിൽ പരിശീലനം നൽകുന്നതിനായി ഐ.എം.ജി. (IMG) യുണൈറ്റഡ് നേഷൻസ് എൻവയോൺമെന്റ് പ്രോഗ്രാമുമായി ചേർന്ന് ഒരു ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. സേവനാവകാശ ആക്റ്റ് നടപ്പിലാക്കുന്നതിനുള്ള ഒരു റിസോഴ്സ് ഗ്രൂപ്പായി ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നതാണ്. ഓരോ വകുപ്പും സേവനം

നൽകുന്ന രീതിയെ കേന്ദ്രീകരിച്ചായിരിക്കും സംസ്ഥാന പരിശീലന നയത്തിൻ (STP) കീഴിലുള്ള പരിശീലന പരിപാടികൾ. പുതിയ തായി നിയമിതരാകുന്നവർക്ക് നൽകുന്ന ഇൻഡക്ഷൻ ട്രെയിനിംഗ് എല്ലാ വകുപ്പുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതും പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് ഇത് നിർബന്ധിതമാക്കുന്നതുമാണ്.

105. സർക്കാരിന്റെ പരിപാടികളുടെ വിജയത്തിന്റെ നേട്ടം, ഒരു വലിയ പരിധിവരെ, എന്റെ സർക്കാരിന് പിന്നിൽ അണിനി രന്നിട്ടുള്ള ജീവനക്കാർക്കാണെന്നുള്ള വസ്തുത എന്റെ സർക്കാർ നന്ദിപൂർവ്വം അംഗീകരിക്കുന്നു. സർക്കാരിന്റെ പരിപാടികളുടെയും മുൻഗണനാ വിഷയങ്ങളുടെയും വിജയകരമായ നടത്തിപ്പിന് സംതൃപ്തരായ ഒരു ഉദ്യോഗസ്ഥവൃന്ദം അത്യന്താപേക്ഷിതമാണ്. സംസ്ഥാന സർക്കാരിലെയും അതിന്റെ കീഴിലുള്ള സ്ഥാപനങ്ങളി ലെയും ജീവനക്കാർക്കായി എന്റെ സർക്കാർ ശമ്പള കമ്മീഷൻ പ്രഖ്യാപിച്ചിട്ടുണ്ട്.

106. എന്റെ സർക്കാർ, അതിന്റെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള ക്രിയാത്മകമായ ഏതൊരു വിമർശനത്തെയും എല്ലായ്പ്പോഴും സ്വാഗതം ചെയ്തിട്ടുണ്ട്. അതേസമയം, ഇടപെടുന്നത് ഉചിതമല്ല എന്ന് ബഹുമാനപ്പെട്ട കോടതികൾ കണ്ടിട്ടുള്ള വിഷയങ്ങളിൽപോലും രാഷ്ട്രീയ മുതലെടുപ്പിനായുള്ള തന്ത്രങ്ങളും ഹീന പ്രസ്താവനകളും നടത്തി ഭിന്നിപ്പിക്കുന്ന പ്രവണതകൾ വർദ്ധിച്ചു വരുന്നതിനെക്കുറിച്ച് പരാമർശി ക്കാതെ വയ്യ. പല സന്ദർഭങ്ങളിലും, അത്തരം പ്രക്ഷോഭങ്ങൾ അന്തസ്സിന്റെയും ക്രമസമാധാനത്തിന്റെയും എല്ലാ സീമകളെയും ലംഘിക്കുന്നതും ജീവനുപോലും ഭീഷണിയായതും ജനങ്ങളുടെ

അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും ഹനിക്കുന്നതുമാണെങ്കിൽ പോലും മഹത്തായ ജനാധിപത്യ പാരമ്പര്യം മുൻനിർത്തി, തെരഞ്ഞെടുക്കപ്പെട്ട ഏതൊരു സർക്കാരിനെയും പോലെയാണ് എന്റെ സർക്കാർ അങ്ങനെയുള്ള എല്ലാ പ്രക്ഷോഭങ്ങളെയും കൈകാര്യം ചെയ്തിട്ടുള്ളത്. വിയോജിപ്പ് പ്രകടിപ്പിക്കുക എന്നത് ഒരു മനുഷ്യന്റെ അന്യാധീനപ്പെടുത്താനാവാത്ത അവകാശമാണ്. എന്നാൽ, നിയന്ത്രണങ്ങളില്ലാത്ത സ്വാതന്ത്ര്യം അരാജകത്വത്തിലേക്കും ദുരന്തത്തിലേയ്ക്കും നയിക്കുമെന്നുള്ളത് പറയേണ്ടതില്ലല്ലോ. നമ്മുടെ രാജ്യത്തെ മതനിരപേക്ഷതയുടെ ചട്ടക്കൂടിനുമേൽ ഭീഷണി വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിഷമഘട്ടമാണ് ഇത് എന്നുള്ളത് വീണ്ടും ഓർക്കുന്നത് നന്നായിരിക്കും.

107. കേരളത്തിന്റെ സാമൂഹികവും സാമ്പത്തികവും ആയ വികസനത്തിലേയ്ക്കുള്ള പ്രയാണത്തെ മുന്നോട്ട് നയിക്കുന്നതിനായി ഐക്യദാർഢ്യത്തോടുകൂടി ഒത്തൊരുമിച്ച് നിന്നുകൊണ്ട് പരിശ്രമിക്കുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.

ജയ്ഹിന്ദ്